കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി12-87/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ – 688011

തീയതി. 07.01.2019

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

:

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി12-87/19 തീയതി : 07.01.2019

## ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.06.2017 മുതൽ 30.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 10.12.2018മുതൽ<br>19.12.2018 വരെ | ശ്രീമതി. വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രശോഭൻ. കെ. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. റോയ്. ടി. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ജാക്വലിൻ. പി. ഡബ്ല്യൂ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. സൂസൻ സെബാസ്റ്റ്യൻ | 01.04.2017 മുതൽ 31.03.2018 വരെ |

2. സെക്രട്ടറി

| | |
|---|---|
| ശ്രീമതി. വി. ലതികാദേവി | 01.04.2017 മുതൽ 31.03.2018 വരെ |

3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. പി.പി. മധു | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ലിൻസി ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 3 | ക്ഷേമകാര്യം | ശ്രീമതി. പാർവ്വതി | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. ബേബി ടീച്ചർ | 01.04.2017 മുതൽ 31.03.2018 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഹിമ സ്റ്റീഫൻസൺ | 01.04.2017 മുതൽ 07.05.2017 വരെ |
| | ശ്രീ. സുനിൽകുമാർ. ബി | 08.05.2017 മുതൽ 30.08.2017 വരെ |
| | ശ്രീമതി. സഞ്ജു സൂസൻ | 31.08.2017 മുതൽ 01.11.2017 വരെ |
| | ശ്രീമതി. ഇന്ദു. ബി | 02.11.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.രഞ്ജിത് മോനായി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സുരേഷ്. കെ. എസ് | 01.04.2017 മുതൽ 28.05.2017വരെ |
| | ഡോ. അഷിൻ റോഷ്. വി | 29.05.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ. സീന. ടി. എക്സ് | 01.04.2017 മുതൽ 06.06.2017 വരെ |
| | ഡോ. ബിന്ദു മാത്യു | 07.06.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സന്ധ്യ | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. റേച്ചൽ ബഞ്ചമിൻ | 01.04.2017 മുതൽ 19.06.2017 വരെ<br>10.07.2017 മുതൽ 08.08.2017 വരെ |
| | ശ്രീ. ഹരിലാൽ. കെ | 20.06.2017 മുതൽ 09.07.2017 വരെ<br>09.08.2017 മുതൽ 02.10.2017 വരെ |
| | ശ്രീമതി. നിഷ. എം. ബി | 03.10.2017 മുതൽ 02.11.2017 വരെ |
| | ശ്രീമതി. ദീപ്തി ജെയിംസ് | 03.11.2017 മുതൽ 07.11.2017 വരെ |
| | ശ്രീമതി. സൗമ്യ. ആർ. എസ് | 08.11.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| എച്ച്.എം.യു.പി.എസ് | ശ്രീമതി. റോസമ്മ. പി. കെ | 01.04.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ. കോടംതുരുത്ത് | ശ്രീമതി. സൈഫുന്നീസ | 01.04.2017 മുതൽ 16.07.2017 വരെ |
| | ശ്രീമതി. രശ്മി. കെ. പിള്ള | 17.07.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. വല്ലേത്തോട് | ശ്രീ. സാംസൺ | 01.04.2017 മുതൽ 17.07.2017വരെ |
| | ശ്രീ. സൽമോൻ | 18.07.2017 മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ആശ | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ജെയ്സമ്മ. പി. എ | 01.04.2017 മുതൽ 31.03.2018വരെ |


ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-13 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1(1) | നികുതി അപ്പീൽ നടപടിക്രമങ്ങളിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടേയോ ട്രൈബ്യൂണലിന്റെയോ തീരുമാനമില്ലാതെ കെട്ടിടനികുതി കുറവ് ചെയ്തു |
| 3 | 2-1(2) | മാവേലിസ്റ്റോറിന്റെ വാടക – ആദായനികുതി ഇനത്തിൽ തുക കുറവ് ചെയ്തു |
| 4 | 2-1(3) | പഞ്ചായത്ത് കോമ്പൌണ്ടിൽ അക്ഷയകേന്ദ്രം വാടക ഇല്ലാതെ പ്രവർത്തിക്കുന്നു |
| 5 | 2-1(4) | കടമുറിവാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല |
| 6 | 2-1(5) | തൊഴിൽ നികുതി ഈടാക്കിയില്ല |
| 7 | 2-1(6) | ടെൻഡർ ഫീ - ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 8 | 2-1(7) | ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ആരംഭിച്ചില്ല |
| 9 | 2-1(8) | പൗരാവകാശരേഖ |
| ഭാഗം – 3 | | |
| 10 | 3-1(1) | ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 50.61 ലക്ഷം പാഴായി |
| 11 | 3-1(2) | ഡെപ്പോസിറ്റ് വർക്കുകൾ - കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിക്കപ്പെടുന്നില്ല – 2132990രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു. |

| | | |
|---|---|---|
| 12 | 3-1(3) | ഇൻഫർമേഷൻ കേരളാ മിഷന് വിഹിതം നൽകൽ – ധനവിനിയോഗ വിവരം ലഭ്യമാക്കിയില്ല. |
| 13 | 3-2(1) | രാജീവ് ഗാന്ധി സേവാഘർ ഫർണീഷിംഗ്, വൈദ്യുതീകരണം – പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചില്ല. |
| 14 | 3-2(2) | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി – പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ. |
| 15 | 3-2(3) | കരാറിലേർപ്പെടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകി |
| 16 | 3-2(4) | പൊതുമരാമത്തുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല. |
| 17 | 3-2(5) | ശരിയായ സ്ഥലപരിശോധനയില്ലാതെ പ്രോജക്ടിന് അംഗീകാരം നൽകിയതിനാൽ താഴെ പറയുന്ന പ്രോജക്ടുകൾ പൂർത്തിയാക്കാൻ സാധിച്ചില്ല. |
| 18 | 3-2(6) | പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല. |
| 19 | 3-2(7) | ഓഫീസ് കോമ്പൗണ്ടിൽ ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മാണം (S094/18) സ്ഥലത്ത് ഇല്ലാത്തയാളെ കൺവീനറാക്കി. |
| 20 | 3-2(8) | കാട്ടിത്തറ തോടിന് കലുങ്ക് നിർമ്മാണം (S111/18) അപാകതകൾ. |
| 21 | 3-2(9) | പ്രോജക്ട് നടത്തിപ്പിൽ കാലതാമസം വരുന്നു. |
| 22 | 3-2(10) | ടാർവാങ്ങി നൽകിയതു സംബന്ധിച്ച് |
| 23 | 3-2(11) | ഗ്രാമപഞ്ചായത്തിൽ നെൽകൃഷി അവഗണിക്കപ്പെടുന്നു. |
| 24 | 3-2(12) | മൃഗാശുപത്രി കെട്ടിട നിർമ്മാണം - തീരുമാനങ്ങൾ നടപ്പാക്കപ്പെടുന്നില്ല |
| 25 | 3-2(13) | സർക്കാർ നിർദ്ദേശിച്ച സ്ഥാപനങ്ങളിൽ നിന്നും കാലിതീറ്റ വാങ്ങിയില്ല |
| 26 | 3-2(14) | മത്സ്യബന്ധന മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കിയില്ല |
| 27 | 3-3(1) | വനിതാവികസനവും സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അപര്യാപ്തം. |
| 28 | 3-3(2) | ക്ഷേമപെൻഷനുകൾ -സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല |
| 29 | 3-3(3) | പി.വി.സി വാട്ടർ ടാങ്ക് വിതരണം - അപാകതകൾ |
| 30 | 3-4(1) | ആരോഗ്യമേഖല - വികസന ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 31 | 3-4(2) | പാലിയേറ്റീവ് പരിചരണം |
| 32 | 3-4(3) | മരുന്നുകൾ ലഭിച്ചിട്ടില്ല |
| 33 | 3-4(4) | പി.എച്ച്.സി ക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല |
| 34 | 3-4(5) | തുല്യതാപഠനം - രേഖകൾഹാജരാക്കിയില്ല |
| 35 | 3-4(6) | ഖരമാലിന്യസംസ്കരണം |

| ഭാഗം – 4 | | |
|---|---|---|
| 36 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 37 | അനുബന്ധം -1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 38 | അനുബന്ധം -2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214-ൽ അനുശാസിക്കുന്ന നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 137494027 | 132921650 |

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കുകയോ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.
4. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ നടത്തിയിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു

| | വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 137494027 | 132921650 |
| വാർഷിക കണക്ക് പ്രകാരം | 59377170 | 52943110 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 22.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSA-ALP-GA4-1126(37)/2018, തീയതി. 24.07.2018 | വിശേഷണങ്ങളോടുകൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9483022 |
| വരവ് | 49894148 |
| ആകെ | 59377170 |
| ചെലവ് | 52943110 |
| നീക്കിയിരിപ്പ് | 6434060 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 13373000 | 13373000 | 10999655 | 2373345 |
| വികസനഫണ്ട് എസ്.സി.പി | 0 | 7991117 | 7991117 | 6429985 | 1561132 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 80967 | 80967 | 68938 | 12029 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 1448000 | 1448000 | 1077927 | 370073 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 2909000 | 2909000 | 2895572 | 13428 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 6185710 | 6185710 | 5619509 | 566201 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 843367 | 843367 | 678384 | 164983 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 4372868 | 10636435 | 15009303 | 14180809 | 828494 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ സീറോ ബാലൻസ് | 0 | 27422 | 27422 | 885 | 26537 |
| എസ്.ബി.ഐ ടോട്ടൽ സാനിട്ടേഷൻ | 821655 | 1568897 | 2390552 | 293984 | 2096568 |
| എസ്.ബി.ഐ ലിറ്ററസി | 1707 | 11663 | 13370 | 11600 | 1770 |
| എസ്.ബി.ഐ ഡിസ്ട്രസ് റിലീഫ് ഫണ്ട് | 3981 | 0 | 3981 | 0 | 3981 |
| എം.എൻ.ആർ.ഇ.ജി.എസ്. | 186542 | 3219759 | 3406301 | 3207666 | 198635 |
| DCB ലക്ഷംവീട് | 907468 | 36484 | 943952 | 0 | 943952 |
| തനത് ഫണ്ട് | 2973793 | 6553484 | 9527277 | 7282777 | 2244500 |
| ബി ഫണ്ട് | 0 | 183600 | 183600 | 183600 | 0 |
| ക്യാഷ് (തനത് ഫണ്ട്) | 196304 | 70226 | 266530 | 196304 | 70226 |
| എസ്.ബി.ഐ - എസ്.എസ്.എ | 10997 | 410 | 11407 | 0 | 11407 |
| പ്ലാൻ | 6068 | 226 | 6294 | 0 | 6294 |
| SCB1124 ഇ.എം.എസ്. | 1639 | 57 | 1696 | 0 | 1696 |

കുറിപ്പ്: ട്രാൻസാക്ഷൻ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും ബാലൻസ് തുക, ലഭിച്ച ഫണ്ടിന്റെ അടിസ്ഥാനത്തിൽ അതത് ശീർഷകങ്ങളിൽ അടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 56084040 | 70 | 32175795 | 47 | 62 | 39 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 186542 | 3219759 | 3406301 | 3207666 | 198635 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22497334 | 22497334 | 22497334 | 0 |
| ആകെ | 186542 | 25717093 | 25903635 | 25705000 | 198635 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 153600 | 260 |
| കർഷകതൊഴിലാളി പെൻഷൻ | 5426700 | 462 |
| വിധവാ പെൻഷൻ | 8207100 | 685 |
| വാർദ്ധക്യകാല പെൻഷൻ | 18782200 | 1554 |
| വികലാംഗ പെൻഷൻ | 3122700 | 257 |
| അവിവാഹിത പെൻഷൻ | 734600 | 85 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 30000 | 1 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7206 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സമിതി 2017-18 സാമ്പത്തിക വർഷം ഒരു പ്രാവശ്യം (06.11.2017) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.
2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. 01.08.2016 മുതൽ പുതിയ സ്റ്റോക്ക് രജിസ്റ്റർ ആണ് സൂക്ഷിച്ചിട്ടുള്ളത്. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല
10. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2018 – 15.10.2018 | 2018 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ | 03.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.2016 – 25.07.2016 | 2011-12 മുതൽ 2015-16 വരെ | 10.07.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-18 Advance to implementing agencies – deposit with Kerala State Electricity Board എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയിൽ മുൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുക ഉൾപ്പെടുന്നില്ല.

മറ്റ് അപാകതകൾ KSA-ALP-GA4-1126 (37)/2018, തീയതി. 24.07.2018 – ൽ പരാമർശിച്ചിട്ടുണ്ട്.

## 1-13 വർക്കിംഗ് ഗ്രൂപ്പുകൾ, വികസനസെമിനാർ, വികസനസെമിനാർ - പ്രവർത്തനം കാര്യക്ഷമമല്ല

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ടു പ്രധാന ചുമതലകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിശോധനയ്ക്ക് സമർപ്പിക്കുക എന്നിവയാണ്. അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ടു ദൗത്യങ്ങളും നിർവ്വഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. ഇപ്രകാരം കൂടുന്ന യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിശ്ചയമായും പങ്കെടുക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുന്നതിൽ വീഴ്ച വരുത്തിയതായി മിനിട്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

2017-18 വർഷത്തേക്ക് ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സദ്ഭരണം
2. കൃഷി
3. മൃഗസംരക്ഷണം - ക്ഷീരവികസനം
4. ചെറുകിട വ്യവസായം
5. മത്സ്യബന്ധനം
6. പൊതുമരാമത്ത്
7. ദാരിദ്ര്യ ലഘൂകരണം
8. സാമൂഹ്യക്ഷേമം
9. പട്ടികജാതി /പട്ടികവർഗ്ഗ വികസനം
10. സ്ത്രീകളുടേയും കുട്ടികളുടേയും വികസനം
11. ആരോഗ്യം
12. കുടിവെള്ളം ശുചിത്വം
13. വിദ്യാഭ്യാസം, സംസ്കാരം, കല, യുവജനകാര്യം

ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ യഥാസമയം യോഗം ചേരുന്നതിലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ചർച്ച നടത്തുന്നതിലും വീഴ്ച വരുത്തിയതായി വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഉദാഹരണമായി, വിദ്യാഭ്യാസം, സംസ്കാരം, കല, യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പ് 22.03.2017, 20.05.2017 തീയതികളിലാണ് യോഗം ചേർന്നിട്ടുള്ളത്. പട്ടികവർഗ്ഗ വികസനം വർക്കിംഗ് ഗ്രൂപ്പ് 22.03.2017-ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സിൽ 23.03.2017-ൽ 8പേർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിട്സ് എഴുതിയിട്ടില്ല. ആരോഗ്യം വിദ്യഭ്യാസം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 22.03.2017- ൽ വിശദമായ ചർച്ച നടത്തിയിട്ടുണ്ടെങ്കിലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു യോഗം മാത്രം നടത്തിയിട്ടുള്ളത് പോരായ്മയാണ്. മേൽ സൂചിപ്പിച്ച വിവരങ്ങളിൽ നിന്നും പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിലും പൂർത്തീകരണഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പുകളുടെ സജീവ സാന്നിദ്ധ്യമില്ല എന്നത് വ്യക്തമാണ്. ഓരോ പ്രോജക്ടിന്റേയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഉറപ്പുവരുത്താൻ ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കർത്തവ്യം നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. പ്രോജക്ടുകൾ നടപ്പാക്കിയതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറേണ്ടതാണ്. എന്നാൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ്

നടത്തുന്നതിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ച വരുത്തിയിട്ടുണ്ട്.

പരമാവധി ജന പങ്കാളിത്തത്തോടെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുക എന്നതാണ് വികസനസെമിനാറിന്റെ ലക്ഷ്യം. വികസനസെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് ബുക്കുകളിൽ തന്നെയാണ് വികസനസെമിനാർ മിനിട്സും രേഖപ്പെടുത്തിയിട്ടുള്ളത്. ചില മേഖലകളിൽ വികസന സെമിനാർ നടത്തിയതിന്റെ മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന്, വിദ്യാഭ്യാസം, സംസ്കാരം, കല, യുവജനകാര്യം, പട്ടികവർഗ്ഗ വികസനം എന്നീ മേഖലകളിൽ 03.06.2017-ൽ വികസനസെമിനാർ നടത്തിയതിന്റെ വിവരങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിവെള്ളം -ശുചിത്വം, ആരോഗ്യം - വിദ്യാഭ്യാസം മേഖലകളിൽ വികസനസെമിനാർ നടത്തിയതിന്റെ വിവരങ്ങൾ മിനിട്സിൽ ഇല്ല. പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നാണ് മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യക്തമാകുന്നത്.

17.03.2017-ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിലെ തീരുമാനം 1(3) പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട 12 അംഗങ്ങളുള്ള ആസൂത്രണസമിതി അംഗീകരിച്ചു. 09.01.2017-ലെ ജി.ഒ.(എം.എസ്) 10/2017 /ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസൂത്രണസമിതി അംഗങ്ങളുടെ പട്ടിക ഫാറം 1 – ൽ തയ്യാറാക്കി നടപടി ഉത്തരവായി പ്രസിദ്ധീകരിച്ചിട്ടില്ല. പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനം സംഘടിപ്പിച്ച ആലോചനായോഗങ്ങൾക്ക് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കി നൽകുകയോ പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനം നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ല. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, തദ്ദേശഭരണ പ്രദേശത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള ആസൂത്രണസമിതിയുടെ യോഗങ്ങളിൽ ക്രിയാത്മകവും സജീവവുമായ ചർച്ചകൾ നടന്നിട്ടില്ല. മുൻകാല പ്രോജക്ടുകളിൽ നിന്നും വ്യത്യസ്തവും പ്രദേശത്തിന്റെയും ജനങ്ങളുടെയും വികസനത്തിനും ക്ഷേമത്തിനും അനുയോജ്യമായ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും ആവശ്യമായ ചർച്ചകളൊന്നുംതന്നെ ആസൂത്രണസമിതിയോഗങ്ങളിൽ നടന്നിട്ടില്ല. സ്റ്റേക്ക്ഹോൾഡർമാരുമായി കൂടിയാലോചന നടത്തിയിട്ടില്ല. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 20.03.2017-ൽ ആസൂത്രണസമിതിയുടെ ആദ്യയോഗം ചേർന്നതായി കാണുന്നു. ഈ യോഗത്തിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ച നടന്നിട്ടില്ല. അടുത്ത യോഗം 12.04.2017 -ലാണ് നടന്നിട്ടുള്ളത്. തുടർന്ന് 17.04.2017, 19.04.2017 തീയതികളിൽ യഥാക്രമം 6 പേരുടേയും 5 പേരുടേയും ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യോഗം ചേർന്നതിന്റെ മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല. ആസൂത്രണസമിതി പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി എന്നാണ് മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യക്തമാകുന്നത്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1(1) നികുതി അപ്പീൽ നടപടിക്രമങ്ങളിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയു ടേയോ ട്രൈബ്യൂണലിന്റേയോ തീരുമാനമില്ലാതെ കെട്ടിടനികുതി കുറവ് ചെയ്തു

ശ്രീമതി. ഹരിണി ദേവിയുടെ ഉടമസ്ഥതയിലുള്ള 40 $m^2$ ചതുരശ്രവിസ്തീർണ്ണം ഉള്ള വാണിജ്യാവശ്യത്തിനുള്ള V11/ 21 A (old 1V/191 A) നം. കെട്ടിടത്തിന് 29.4.2009 ൽ 2100/- രൂപ കെട്ടിടനികുതി നിശ്ചയിച്ചിരുന്നു. കെട്ടിടനികുതി കൂടുതലാണ് എന്ന കാരണത്താൽ ശ്രീമതി. ഹരിണീദേവി 09.12.2009 ൽ കെട്ടിടനികുതി കുറവ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ സെക്രട്ടറി ചുമത്തിയ നികുതി സംബന്ധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ ബിൽ കൈപ്പറ്റി 30 ദിവസത്തിനകം ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിക്ക് അപ്പീൽ നൽകാവുന്നതും ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ആക്ഷേപം കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ നികുതി കുറയ്ക്കുകയോ ഇളവ് വരുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനത്തിൻമേൽ ആക്ഷേപമുള്ള പക്ഷം 271 എസ് പ്രകാരം ട്രൈബ്യൂണൽ മുൻപാകെ റിവിഷൻ ഹർജി നൽകാവുന്നതാണ്. എന്നാൽ നിശ്ചിത കാലയളവിനുള്ളിൽ കെട്ടിട ഉടമ അപേക്ഷ സമർപ്പിക്കാത്തതുമൂലം അപേക്ഷ

പരിഗണനാർഹമല്ലാത്തിനാൽ നികുതി കുറവ് ചെയ്തിരുന്നില്ല. 2010-11 വർഷം മുതൽ ഈ കെട്ടിടത്തിന് ഈടാക്കിയിരുന്ന നികുതി കുറവായിരുന്നു. നികുതി കുറവ് ചെയ്തതായുള്ള ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം ഇല്ലാതെയും രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളൊന്നുംതന്നെ ഇല്ലാതെയും കുറഞ്ഞ നികുതിയായ 972/- രൂപയാണ് 2010-11വർഷം മുതൽ ഈടാക്കിയത്. 2013-14 വർഷം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നികുതി പുതുക്കുകയോ ആ വിവരം നികുതിദായകനെ അറിയിക്കുകയോ ഉണ്ടായില്ല. നികുതി കുറവ് ചെയ്തതായി ഡിമാന്റ് രജിസ്റ്ററിലോ അസ്സസ് മെന്റ് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ 2016-17 വർഷം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചപ്പോൾ ആദ്യം നിശ്ചയിച്ച 2100/- രൂപ പ്രകാരം നികുതി പുതുക്കി ഡിമാന്റ് ചെയ്യുകയുണ്ടായി. എന്നാൽ 2010-11 വർഷം മുതൽ 16-17 വർഷം കുറഞ്ഞ നികുതി ഈടാക്കിയതിനാൽ പഞ്ചായത്തിന് ഉണ്ടായ സാമ്പത്തികനഷ്ടം പ്രസ്തുത കാലയളവിൽ നികുതി ഈടാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് 10.11.17 തീയതിയിലെ പഞ്ചായത്ത് കമ്മറ്റി 25-ാം നം. അജണ്ട പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. ഇപ്രകാരം 2010-11 മുതൽ 2015-16 കാലയളവുവരെ പ്രസ്തുത വസ്തുനികുതി ഇനത്തിൽ കുറവ് വന്ന തുക ആ കാലയളവിൽ നികുതി ഈടാക്കിയിരുന്ന വാർഡ് ക്ലർക്കുമാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-1(2) മാവേലിസ്റ്റോറിന്റെ വാടക - ആദായനികുതി ഇനത്തിൽ തുക കുറവ് ചെയ്തു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 9/471, 9/472, 9/473 എന്നീ മുറികളിലാണ് മാവേലിസ്റ്റോർ പ്രവർത്തിച്ചുവരുന്നത്. ആയതിന് 2014 മാർച്ച് മാസം മുതൽ ഫെബ്രുവരി വരെ 5313/- രൂപയും 2017 മാർച്ച് മാസം മുതൽ 6104/- രൂപയും പ്രതിമാസ വാടക നിശ്ചയിക്കുകയുണ്ടായി. എന്നാൽ വാടക ഒടുക്കുന്നത് സംബന്ധിച്ച് മാവേലിസ്റ്റോറുമായി കരാർ ചമയ്ക്കുകയുണ്ടായില്ല. സ്ഥാപനം 2014 മാർച്ച് മാസം മുതലുള്ള വാടകകുടിശ്ശിക 270620/- രൂപ ഒടുക്കാവാനുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 31/18.12.18) ഹാജരാക്കിയ മറുപടിയിൽ 2014 മാർച്ച് മാസം മുതൽ 2017 ഫെബ്രുവരി വരെയുള്ള കുടിശ്ശിക 191268/- രൂപയിൽ 10% T.D.S പിടിച്ചതിനുശേഷമുള്ള തുക 172147/- രൂപ സിവിൽ സപ്ലൈസ് മാനേജർ ഒടുക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 1020 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ/ ലോക്കൽ അതോറിറ്റീസിന്റെ വരുമാനത്തിൽ നിന്നും ആദായനികുതി ഒഴിവാക്കിയിട്ടുണ്ട്. അതിനാൽ 10% ആദായനികുതി ഇനത്തിൽ കുറവ് ചെയ്ത തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഓരോ മാസവും വാടക ഒടുക്കേണ്ട തിയതിയും മറ്റ് നിബന്ധനകളും ഉൾപ്പെടുത്തി മാവേലി സ്റ്റോറുമായി കരാർ വെയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 2-1(3) പഞ്ചായത്ത് കോമ്പൌണ്ടിൽ അക്ഷയകേന്ദ്രം വാടക ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രത്തിന്റെ വാടക നാളിതുവരെയായിട്ടും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31) വാടക നിശ്ചയിച്ച് നൽകാൻ എൽ എസ് ജി ഡി എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. പ്രതിമാസ വാടക നിശ്ചയിച്ച് അക്ഷയകേന്ദ്രവുമായി കരാർവെച്ച് അക്ഷയകേന്ദ്രം പ്രവർത്തനം തുടങ്ങിയ വർഷം മുതൽ നാളിതുവരെയുള്ള വാടക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-1(4) കടമുറിവാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ കടമുറികളുടെ വാടകയിനത്തിൽ ചുവടെ ചേർക്കും പ്രകാരം കുടിശ്ശിക ഉള്ളതായി ഫയൽ പരിശോധനയിൽ കാണുന്നു.

| ഇനം /കെട്ടിട നം. | ലേലത്തിന് / വാടകയ്ക്ക് എടുത്ത വ്യക്തി | ഈടാക്കുവാനുള്ള തുക |
|---|---|---|
| 10/25-ാം നം. കടമുറി | സാജൻ s/o സ്വാമിനാഥൻ, മുള്ളോൻപറമ്പ് | 7102 /- |
| 10/19-ാം നം. കടമുറി | ജോൺസൻ എസ്, തെക്കേകൈതക്കാട്ട് | 9535 /- |
| തറവാടക | സരസമ്മ പ്രതാപൻ | 4177 /- |

വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10) ഹാജരാക്കിയ മറുപടിയിൽ 10/25-ാം നം. മുറി വാടകയ്ക്ക് എടുത്തിരുന്നയാൾ മരിച്ചുപോയെന്നും അതിനാൽ നിയമപരമായി വാടക ഈടാക്കുന്നതിന് തടസ്സമുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ലേലം കൊണ്ട ആളിന്റെ അവകാശികൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ

അവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ, അവകാശികളിൽ നിന്നും തുക ഈടാക്കാൻ സാധിക്കാത്ത പക്ഷം ഈ വാടക യഥാസമയം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്ന സെക്രട്ടറിയിൽ നിന്നും, സെക്ഷൻ ക്ലർക്കിൽ നിന്നും തുല്യമായി ഈടാക്കുകയോ ചെയ്യേണ്ടതാണ്. മറ്റ് കടമുറികളുടെ വാടക ഈടാക്കുന്നതിനുള്ള R.R നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ഇതുപ്രകാരം തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-1(5) തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ / വ്യക്തികൾ തൊഴിൽ നികുതി അടച്ചിട്ടില്ല.

1. കോടംതുരുത്ത് ക്ഷീരോൽപ്പാദക സംഘം – സ്ഥാപനനികുതി
2. 2017-18 വർഷം ഗ്രാമപഞ്ചായത്തിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-1(6) ടെൻഡർ ഫീ - ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് നടത്തിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്റ്റ് നം. / പ്രവൃത്തിയുടെ പേര് | ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1 | S0051/18 – പി.എസ് കടവ് മുട്ടുങ്കൽ റോഡ് ടാറിംഗ് – വാർഡ് 13 | 2 | 710 | 1420 |
| 2 | S0046/18 – കുനംചിറ – തിടന്നയിൽ റോഡ് മെറ്റലിംഗ് & ടാറിംഗ് | 1 | 600 | 600 |
| 3 | S0061/18 – കരിയിൽ കാർഷിക റോഡ് മെറ്റലിംഗ് & ടാറിംഗ് | 1 | 600 | 600 |
| 4 | S0079/18 – പഞ്ചായത്ത് ഓഫീസിൽ പാർക്കിംഗ് ഷെഡ് | 1 | 590 | 590 |
| 5 | S0069/18 – കോടംതുരുത്ത് പി.എച്ച്.സി മെയിന്റനൻസ് | 2 | 1770 | 3540 |
| 6 | കത്തിയതോട് മാർക്കറ്റ് | 3 | 1650 | 4950 |
| 7 | S0115/18 അയ്യനാട്ട് നടപ്പാത | 1 | 1060 | 1060 |

| | | | | |
|---|---|---|---|---|
| 8 | S0207/18 – ചങ്ങരം സ്കൂളിൽ സാനിട്ടറി കോംപ്ലക്സ് | 3 | 710 | 2130 |
| 9 | S0209/18 – വല്ലേത്തോട് പി.എച്ച്.സി. സാനട്ടറി കോംപ്ലക്സ് | 3 | 710 | 2130 |
| 10 | S0211/18 – വട്ടക്കാൽമുക്ക് ഐ.എച്ച്.ഡി.പി. കോളനി റോഡ് നിർമ്മാണം | 1 | 1420 | 1420 |
| | | | | 18440 |

## 2-1(7) ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ആരംഭിച്ചില്ല

23.01.2017-ലെ ജി.ഒ.(പി) നം. 07/2017/Fin ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടുകൾക്കായി ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ജനറൽ പർപ്പസ് ഫണ്ടിനായുള്ള ട്രഷറി ടി.എസ്.ബി അക്കൗണ്ടിലാണ് സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം നിക്ഷേപിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 2-1(8) പൗരാവകാശ രേഖ

2004-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ പ്രകാരം പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ ചട്ടങ്ങൾ പ്രകാരമുള്ള പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. 9-ാം ചട്ടപ്രകാരം പൗരാവകാശ രേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 06.11.2017-ലെ ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി യോഗത്തിൽ നാളിതുവരെയായിട്ടും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാത്തതും സേവനാവകാശ നിയമപ്രകാരമുള്ള ബോർഡുകൾ സ്ഥാപിക്കാത്തതും പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന അഭിപ്രായത്തെത്തുടർന്ന് 2018-ലാണ് ഗ്രാമപഞ്ചായത്തിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1(1) ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 50.61 ലക്ഷം പാഴായി

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 50.61 ലക്ഷം പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 2373345 |
| വികസന ഫണ്ട് എസ്.സി.പി. | 1561132 |
| വികസന ഫണ്ട് ടി.എസ്.പി. | 12029 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 370073 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 13428 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 566201 |
| കെ.എൽ.എസ്.ജി.ഡി.പി | 164983 |
| ആകെ | 5061191 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആകെ 179 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 62 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്ന ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ട വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-1(2) ഡെപ്പോസിറ്റ് വർക്കുകൾ - കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിക്കപ്പെടുന്നില്ല - 2132990/- രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു.

ഗ്രാമ പഞ്ചായത്ത് 2016-17 വർഷം തെരുവ് വിളക്ക് മെയിൻ നീട്ടൽ എന്ന പേരിൽ രണ്ട പ്രോജക്ടുകൾ (നം. 109/17, 125/17) നടപ്പിലാക്കുന്നതിനായി 1450000/- രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിരുന്നു. 2017-18 വർഷം പ്രോജക്ട് നം. 18/2018 പ്രകാരം വിവിധ വാർഡുകളിൽ വൈദ്യുതലൈൻ ദീർഘിപ്പിക്കുന്നതിന് പദ്ധതിവിഹിതത്തിൽ നിന്നും 341495/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 341495/- രൂപയും ഉൾപ്പെടെ 682990/- രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിലായി ആകെ 2132990/- രൂപ ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്കിയിട്ടുണ്ടെങ്കിലും വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-18 Advance to implementing agencies - deposit with Kerala State Electricity Board എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടുള്ള തുക 1903640/- രൂപയാണ്. ഡെപ്പോസിറ്റ് ചെയ്യുന്ന തുകയുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്. ജനങ്ങൾക്ക് പ്രയോജനപ്രദമാകേണ്ട പദ്ധതിപ്പണം സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **3-1(3)** ഇൻഫർമേഷൻ കേരളാ മിഷന് വിഹിതം നൽകൽ – ധനവിനിയോഗ വിവരം ലഭ്യമാക്കിയില്ല.

ഇൻഫർമേഷൻ കേരളാ മിഷന് വിഹിതം നൽകുന്നതിനായി 27/2018 നമ്പരായി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും ഐ.കെ.എം-ന്റെ 27.6.2017ലെ കത്തിന്റെ അടിസ്ഥാനത്തിൽ 72,183/- രൂപ ബിൽ നമ്പർ 10/11.7.2017 പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി തുകയുടെ കൈപ്പറ്റ് രസീതോ ധനവിനിയോഗ സാക്ഷ്യപത്രമോ ഐ.കെ.എം-ൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. കൂടാതെ പ്രോജക്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളതും ഐ.കെ.എം ലഭ്യമാക്കിയിട്ടുള്ളതുമായ 2014-15 വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് 31.03.2015ൽ 53,299/- രൂപ നീക്കിയിരുപ്പുണ്ട്. ഇതോടൊപ്പം ഇൻഫർമേഷൻ കേരളാ മിഷന് വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം 2015-16 വർഷം 49030/- രൂപയും 2016-17 വർഷം 53023/- രൂപയും ഐ.കെ.എം-ന് നൽകിയിട്ടുണ്ട്. 2015-16, 2016-17 വർഷങ്ങളിലെ ധനവിനിയോഗ സാക്ഷ്യപത്രം നിലവിൽ ലഭ്യമല്ലാത്തതിനാൽ 31.03.2015ലെ നീക്കിയിരുപ്പ് തുക തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 2017-18 വർഷം നൽകിയ 72,183/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 31.3.2015ലെ നീക്കിയിരുപ്പ് തുകയായ 53,299/- രൂപ എപ്രകാരം ക്രമീകരിച്ചുവെന്നതു സംബന്ധിച്ച് ഐ.കെ.എം-ൽ നിന്നുള്ള റിപ്പോർട്ടും 2017-18 വർഷത്തെ ധനവിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## **3-2** വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-2(1)** രാജീവ് ഗാന്ധി സേവാഘർ ഫർണീഷിംഗ്, വൈദ്യുതീകരണം – പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സെല്ലിന് വേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 2015-16 വർഷം നിർമ്മിച്ച രാജീവ് ഗാന്ധി സേവാഘർ കെട്ടിടത്തിലേയ്ക്ക് ഫർണീച്ചർ വാങ്ങുന്നതിനായി രാജീവ് ഗാന്ധി സേവാഘർ ഫർണീഷിംഗ് (പ്രോജക്ട് നം 21/2018) എന്ന പദ്ധതി പ്രകാരം റബ്കോയിൽ നിന്ന് 10 മേശയും കസേരയും വാങ്ങുന്നതിനായി 93,584/- രൂപയും, വയറിംഗ് നടത്തുന്നതിനായി രാജീവ് ഗാന്ധി സേവാഘർ വൈദ്യുതീകരണം (പ്രോജക്ട് നം. 19/2018) എന്ന പദ്ധതിയ്ക്കായി 1,30,586/- രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണ, നിർവ്വഹണ ഘട്ടങ്ങളിലെ പാളിച്ചകൾ മൂലം ശുചിമുറികളുടെ നിർമ്മാണം ഒഴിവാക്കിയാണ് 2015-16 – ൽ കെട്ടിടം പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയത്. ശുചിമുറി സൗകര്യമില്ലാത്തതിനാൽ കെട്ടിടത്തിന് ഇതുവരെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല. വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ കെ.എസ്.ഇ.ബിയിൽ നിന്നും വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടില്ല. അതിനാൽതന്നെ കെട്ടിടം പ്രയോജനപ്പെടുത്തുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ടോയ്ലറ്റ് ബ്ലോക്കുകളുടെ പണി പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന് ശേഷമാണ് അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടിയിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്തതിനാൽ രാജീവ് ഗാന്ധി സേവാഘർ കെട്ടിടം ഇപ്പോഴും നിഷ്ക്രിയാവസ്ഥയിലാണ്. 2018-19 വർഷം തനത് ഫണ്ടിൽ നിന്നും 25000/- രൂപ ചെലവഴിച്ച് ടോയ്ലറ്റ് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും കേന്ദ്രാവിഷ്കൃത ഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കാതിരുന്നതിനാൽ സാങ്കേതിക അനുമതി ലഭിച്ചില്ല.

പഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യപ്തത ഭരണ സമിതിയേയും, ജീവനക്കാരേയും, പൊതുജനങ്ങളേയും ഒരുപോലെ ബുദ്ധിമുട്ടിലാക്കുന്നു. ഉദാഹരണത്തിന് പഞ്ചായത്ത് കോമ്പൗണ്ടിലെ പൊതുശൗചാലയത്തിന് അഭിമുഖമായിട്ടാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ മുറി ക്രമീകരിച്ചിട്ടുള്ളത്. ഇവിടെ സേവനങ്ങൾക്കായി എത്തുന്നവർ ശൗചാലയത്തിന്റെ മുന്നിൽ കാത്തുനിൽക്കേണ്ട അവസ്ഥയാണ്. വർക്കിംഗ് ഗ്രൂപ്പിലോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ രാജീവ് ഗാന്ധി സേവാഘർ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതു സംബന്ധിച്ച് ക്രിയാത്മക ചർച്ചകളൊന്നും നടന്നിട്ടില്ല. പണി പൂർത്തിയാകാത്ത കെട്ടിടത്തിന് അധിക സൗകര്യം ഒരുക്കുന്നതിനുള്ള പ്രോജക്ടുകൾക്കാണ് സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഊന്നൽ നൽകിയിത്. തന്മൂലം 2015-16ൽ കെട്ടിടം പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയ

കെട്ടിടം ഇപ്പോഴും ഉപയോഗശൂന്യമായി കിടക്കുന്നു. പണി പൂർത്തിയാകാത്ത കെട്ടിടത്തിന് അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി മേൽ പദ്ധതികൾ പ്രകാരം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 2,24,170/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രാജീവ് ഗാന്ധി സേവാഘർ കെട്ടിടം എത്രയുംവേഗം പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

## 3-2(2) തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ, കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ. ആർ ഗിരീശന് പ്രവൃത്തി നടപ്പാക്കുന്നതിന് അനുമതി നൽകുകയുണ്ടായി. ടെണ്ടറിൽ പങ്കെടുത്തവരെല്ലാം പഴയ സ്ട്രീറ്റ് ലൈറ്റ് അഴിച്ചിറക്കി അറ്റകുറ്റപ്പണി നടത്തി പുനഃസ്ഥാപിക്കുന്നതിനാണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയ്ക്ക് ടിയാൻ ക്വോട്ട് ചെയ്ത കുറഞ്ഞ നിരക്ക് 260 രൂപയാണ്. തൻവർഷം വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 813 തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതിന് ടിയാന് 2,11,380/- രൂപ നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2016-17 വർഷത്തെ നീക്കിയിരുപ്പായ 250 എൽ.ഇ.ഡി ബൾബുകളും തൻവർഷം കെൽട്രോണിൽ നിന്നും വാങ്ങിയ 420 എൽ.ഇ.ഡി ട്യൂബ് സെറ്റുകളിൽ 345 എണ്ണവും ഉൾപ്പെടെ 595 തെരുവ് വിളക്കുകൾ മാത്രമാണ് തൻവർഷം അറ്റകുറ്റപ്പണിയ്ക്കായി വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ കരാറുകാരന് 813 പോസ്റ്റുകളിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തിയതിനാണ് തുക നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ സാമ്പത്തിക നില മോശമായതിനാൽ, വാർഡികളിലേയ്ക്ക് ആവശ്യമായ മുഴുവൻ ലൈറ്റുകളും വാങ്ങി നൽകുവാൻ കഴിയാറില്ലെന്നും ചില സ്ഥാപനങ്ങളും വ്യക്തികളും സംഭാവനയായി നൽകുന്ന ലൈറ്റുകളും കരാറുകാരൻ മുഖേന സ്ഥാപിക്കാറുണ്ടെന്നും തന്മൂലമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ഉള്ളതിനേക്കാൾ കൂടുതൽ ലൈറ്റുകൾ അറ്റകുറ്റപ്പണിയ്ക്കായി ഉപയോഗിച്ചതായി കാണുന്നതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. എന്നാൽ ഇപ്രകാരം ശേഖരിക്കുന്ന ബൾബുകളുടെ എണ്ണം സംബന്ധിച്ച കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പരിപാലിക്കുന്ന തെരുവ് വിളക്കുകളിൽ സ്ഥാപിക്കുന്ന ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖാമൂലം മാത്രമാണ് കരാറുകാരന് അറ്റകുറ്റപ്പണിയ്ക്കായി കൈമാറേണ്ടത്.
2. കെ.എസ്.ഇ.ബിയുടെ അംഗീകൃത നിരക്ക് പ്രകാരം വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള മെയിന്റനൻസ് പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കാണ്. എന്നാൽ പഴയ സ്ട്രീറ്റ് ലൈറ്റ് അഴിച്ചിറക്കി അറ്റകുറ്റപ്പണി നടത്തി പുനഃസ്ഥാപിക്കുകയെന്ന ഒരിനം പ്രവൃത്തിയുടെ നിരക്ക് മാത്രമാണ് കരാറുകാരൻ രേഖപ്പെടുത്തിയത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതിയും ഇതു പരിഗണിക്കാതെയാണ് ടെണ്ടർ നടപടികൾ നടത്തിയതും കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടറിന് അംഗീകാരം നൽകിയതും. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ അറ്റകുറ്റപ്പണി നടത്തിയ ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവയിലെല്ലാം എന്തുതരം അറ്റകുറ്റപ്പണിയാണ് നടത്തിയിട്ടുള്ളതെന്ന് പരാമർശിച്ചിട്ടില്ല. കേടായ ബൾബുകൾ മാത്രം മാറ്റിയിടുന്ന സന്ദർഭങ്ങളിൽ പഴയ സ്ട്രീറ്റ് ലൈറ്റ് അഴിച്ചിറക്കി അറ്റകുറ്റപ്പണി നടത്തേണ്ട ആവശ്യം വരുന്നില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ പറഞ്ഞിരിക്കുന്ന 813 ഇലക്ട്രിക് പോസ്റ്റുകളിലും മേൽ പറയുന്ന പ്രകാരമുള്ള അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെന്ന നിഗമനത്തിൽ തുക അനുവദിച്ച് നൽകിയത് ശരിയായ നടപടിയല്ല. ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായിട്ടുള്ള മേൽ പരാമർശിച്ചിട്ടുള്ള പോരായ്മകൾ പരിഹരിച്ച് തുടർന്നുള്ള വർഷങ്ങളിലെ പദ്ധതികൾ നടപ്പാക്കുവാൻ കർശന നിർദ്ദേശം നൽകേണ്ടതാണ്.

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി ഉൾപ്പെടെയുള്ള പദ്ധതികൾക്ക് 05.06.2017ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തുടർന്നുള്ള യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ, പദ്ധതികളുടെ ആസൂത്രണ. നിർവ്വഹണ ഘട്ടങ്ങളിൽ വേണ്ടത്ര ഇടപെടൽ നടത്തുന്നതായി കാണുന്നില്ല. ഇത് പ്രോജക്ട് വിഭാവനം ചെയ്യുന്ന ഭൗതികലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 3-2(3) കരാറിലേർപ്പെടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകി.

പ്രോജക്റ്റ് നം. 18/2018 പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും 341495/- രൂപയും (ബിൽ നം. 33/19.11.2017) ജില്ലാ പഞ്ചായത്ത് വിഹിതമായ 341495/- രൂപയും ഉൾപ്പെടെ 682990/- രൂപ കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. അതുപോലെ പഞ്ചായത്ത് ഓഫീസ് വയറിംഗ് (പ്രോജക്റ്റ് നം. 23/2018) എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിന്റെ താഴത്തെ നിലയിലെ റീവയറിംഗിനും മുകളിലത്തെ നിലയിലെ വയറിംഗിനുമായി പദ്ധതി തയ്യാറാക്കുകയും ആയത് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം മുഖേന നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് പദ്ധതി വിഹിതത്തിൽ നിന്നും 3,40,000/- രൂപ (ബിൽ നം. 41/15.1.2018 – 2,00,000/- രൂപ, ബിൽ നം – 50/19.2.2018 – 1,40,000/- രൂപ) പിൻവലിച്ച് പൊതുമരാമത്ത് വകുപ്പിന് നൽകയിട്ടുണ്ട്. മേൽ പദ്ധതികൾക്കായി തുക കൈമാറുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഒപ്പുവെച്ചിട്ടില്ല. കരാർ ചമയ്ക്കാത്തതിനാൽ ടി പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നോ പൂർത്തിയാക്കുമെന്നോ വ്യക്തമല്ല.

പ്രോജക്റ്റ് നം. 23/2018 പ്രകാരമുള്ള പഞ്ചായത്ത് ഓഫീസ് വയറിംഗ് പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നും പ്രോജക്റ്റ് നം. 18/2018 പ്രകാരമുള്ള വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. കരാറിലേർപ്പെടാതെ നിക്ഷേപ പ്രവത്തികൾക്ക് തുക നൽകിയത് നടപടിക്രമങ്ങളുടെ ലംഘനമാണ്. ആയതിനാൽ ടി പ്രവൃത്തികൾക്കായി ചെലവഴിച്ച 10,22,990/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ എത്രയുംവേഗം പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-2(4) പൊതുമരാമത്തുമായി ബന്ധപ്പെട്ട് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കിയിട്ടില്ല.

പൊതുമരാമത്ത് മേഖലയിൽ താഴെ പറയുന്ന വർക്കുകൾ ഏറ്റെടുത്ത് നടത്തണമെന്ന് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനമെടുക്കുകയും പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും പല കാരണങ്ങളാൽ ഇതു നടപ്പാക്കിയില്ല.

1) പുളിത്തറ പ്രദേശത്ത് റോഡ് നിർമ്മാണം.

പുളിത്തറ കോളനി നിവാസികൾ പുളിത്തറ പ്രദേശത്ത് റോഡ് നിർമ്മിക്കണമെന്ന് പ്രധാനമന്ത്രിക്ക് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ 24.04.2017-ൽ ചേർന്ന സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 5-ാമത് തീരുമാന പ്രകാരം വാർഡ് 1-ൽ പുളിത്തറ പ്രദേശത്ത് റോഡ് നിർമ്മിക്കുന്നതിനായി 2017-18 വർഷത്തെ പ്രോജക്ടായി ഈ പ്രവൃത്തി ഉൾപ്പെടുത്തുവാൻ പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്തതായി സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സിൽ കാണുന്നു. തുടർന്ന് പഞ്ചായത്ത് ഭരണസമിതി പ്രോജക്റ്റ് നം. 214/18 ആയി എസ്.സി.പി.ഫണ്ട് 265000/- രൂപ അടങ്കലിൽ പ്രവൃത്തി നടപ്പാക്കാൻ നിശ്ചയിച്ചെങ്കിലും പ്രോജക്റ്റ് നടപ്പാക്കിയില്ല.

ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 18-12-2017 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 1 (3) തീരുമാനപ്രകാരം ടെന്റർ/ ക്വട്ടേഷൻ ക്ഷണിച്ചിട്ടും ആരും വർക്ക് ഏറ്റെടുക്കാത്തതിനാൽ ഈ പ്രവൃത്തി ഒഴിവാക്കി ഒന്നാം വാർഡിൽ മണ്ണുചിറ പാലം നിർമ്മാണം എന്ന പ്രോജക്ടിന് അംഗീകാരം നൽകിയെന്നും തുടർന്ന് 24-2-2018 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 2(2) തീരുമാനപ്രകാരം ഈ പ്രോജക്റ്റ് ഉപേക്ഷിച്ചെന്നും മൂന്നു ലക്ഷം രൂപ അടങ്കലിൽ പുളിത്തറ മുറി റോഡ് നിർമ്മാണം എന്ന പ്രോജക്ടിന് അംഗീകാരം നൽകിയെന്നുമാണ് മറുപടി നൽകിയത്. എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ പ്രോജക്റ്റ് ചെലവ് രേഖയിൽ പ്രോജക്റ്റ് നം. 214/18 ആയി 265000/- രൂപ അടങ്കലിൽ പുളിത്തറ പ്രദേശത്ത് റോഡ് നിർമ്മാണം എന്ന പ്രോജക്റ്റ് ഉൾപ്പെട്ടിട്ടുണ്ട്.

റോഡ് നിർമ്മാണം നടത്തുന്നതിനു വന്ന തടസ്സങ്ങൾ എന്തുതന്നെയായാലും അത് ന്യായീകരിക്കത്തക്കതല്ല. ഒരു പ്രദേശത്തെ ജനങ്ങളുടെ ആവശ്യം മുന്നിൽ കണ്ട് വർക്ക് ഏറ്റെടുത്തു നടത്തുന്നതിന് മറ്റു മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

2) അറുപതേക്കർ പാടശേഖരത്തിൽ സ്ലൂയ്സ് നിർമ്മാണം (പ്രോജക്ട് നം.126/18)

വികസന ഫണ്ട് മൂന്നു ലക്ഷം രൂപ വകയിരുത്തി നടപ്പാക്കുവാൻ നിശ്ചയിച്ചിരുന്ന ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ 2.20 മീറ്റർ വീതിയിലാണ് സ്ലൂയ്സ് നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്നത്. 21.08.2017-ലെ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 2-ാം തീരുമാനപ്രകാരം സ്ലൂയിസ് നിർമ്മാണം 3 m വീതിയിൽ ആക്കണമെന്ന് തീരുമാനിച്ചു. എന്നാൽ പ്രോജക്ട് നടപ്പാക്കിയില്ല. ഇതും പ്രവൃത്തി ആരും ഏറ്റെടുക്കാത്തതുകൊണ്ടാണ് നടത്താതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ പഞ്ചായത്ത് കമ്മറ്റിയോ ചർച്ചചെയ്തതായി കാണുന്നില്ല.

നിശ്ചയിച്ച പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെ വരുന്നത് പഞ്ചായത്ത് കമ്മറ്റികൾ ഗൌരവമായി കാണേണ്ടതും പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2(5) ശരിയായ സ്ഥലപരിശോധനയില്ലാതെ പ്രോജക്ടിന് അംഗീകാരം നൽകിയതിനാൽ താഴെ പറയുന്ന പ്രോജക്ടുകൾ പൂർത്തിയാക്കാൻ സാധിച്ചില്ല.

ശരിയായ സ്ഥലപരിശോധനയില്ലാതെ പ്രോജക്ടിന് അംഗീകാരം നൽകിയതിനാൽ താഴെ പറയുന്ന പ്രോജക്ടുകൾ ഭാഗികമായി മാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളൂ.

1. 15-ാം വാർഡിലെ ക്ലവക്കാട് റോഡ് മെറ്റലിംഗ് ( S108/18)

19.09.2017-ലെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 5-ാം നമ്പർ തീരുമാനപ്രകാരം 15-ാം വാർഡിലെ ക്ലവക്കാട് റോഡ് മെറ്റലിംഗ് എന്ന വർക്കിന് വൈദ്യുത പോസ്റ്റുകൾ തടസ്സമായി നിൽക്കുന്നതിനാൽ വർക്ക് ഭാഗികമായി പൂർത്തീകരിച്ചത് അംഗീകരിക്കുവാനും പൂർത്തീകരിച്ച പ്രവൃത്തിക്ക് ബിൽ മാറി നൽകുന്നതിന് നടപടി സ്വീകരിക്കുവാനും പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്തു. ഇത് 20.09.2017-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(2) തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. 223 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 250000/- രൂപ അടങ്കലിൽ വർക്ക് നടത്തുന്നതിനാണ് പ്രോജക്ട് അംഗീകാരം നൽകിയിരുന്നത്. എന്നാൽ 90 മീറ്റർ നീളത്തിൽ വർക്ക് ചെയ്തതായാണ് അളവ് പുസ്തകം 28/16-17 ൽ കാണുന്നത്. ഇതിനായി ബിൽ നം. 13/6-1-2018 പ്രകാരം 109701/- രൂപ പിൻവലിച്ച് ചെലവ് ചെയ്യുകയുണ്ടായി. 2016-17-ൽ നടപ്പാക്കാൻ നിശ്ചയിച്ച ഈ പ്രോജക്ടിന് 21.11.2016-ൽ എസ്റ്റിമേറ്റ് റിപ്പോർട്ട് നൽകുകയും 04.02.2017-ൽ സ്ഥലം കൺവീനർക്ക് കൈമാറ്റം ചെയ്യുകയും ചെയ്തതാണ്. 23.03.2017-ൽ പണി ആരംഭിച്ചപ്പോഴും 28.04.2017-ൽ ചെയ്ത വേലയുടെ ചെക്ക് മെഷർമെന്റ് നടത്തിയപ്പോഴും വൈദ്യുത പോസ്റ്റിന്റെ വിഷയം പഞ്ചായത്ത് കമ്മറ്റികളിലോ ഗുണഭോക്തൃ സമിതിയിലോ ചർച്ച ചെയ്തിട്ടില്ല. വൈദ്യുത പോസ്റ്റ് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് വർക്ക് പൂർത്തീകരിക്കേണ്ടതാണ്.

2. പോലീസ് സ്റ്റേഷൻ മാർക്കറ്റ് റോഡ് മണലിൽ ഭാഗം മുതൽ VAGവരെ റോഡി നിർമ്മാണവും കേളംകുളങ്ങര കൊല്ലേത്ത് കടവ് റോഡ് നിർമ്മാണവും ( പ്രോജക്ട് നം.105/18)

250000/- രൂപ അടങ്കലിൽ 2016-17ൽ അംഗീകാരം നൽകിയ ഈ പ്രോജക്ടിന് 08-02-2017 ൽ ഗുണഭോക്തൃസമിതി കൺവീനറെ തെരഞ്ഞെടുക്കുകയും 15-7-17ൽ സ്ഥലം കൈമാറുകയും ചെയ്തതാണ്.എന്നാൽ കൊല്ലേത്ത് കടവിൽ സ്ഥലം വിട്ടുതന്നതുമായി ബന്ധപ്പെട്ട് തർക്കമുണ്ടായതിനാൽ കേളംകുളങ്ങര കൊല്ലേത്ത് കടവ് റോഡ് നിർമ്മാണം ഉപേക്ഷിച്ചതായി കാണുന്നു. ഇതിനായി എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തുകയുമുണ്ടായി. ഇത് ഗുണഭോക്തൃസമിതിയോ പഞ്ചായത്ത് കമ്മറ്റിയോ ചർച്ച ചെയ്തതായി കാണുന്നില്ല.

പ്രോജക്ടുകൾ ആസൂത്രണം ചെയ്യുമ്പോൾ നിർമ്മാണം നടത്തുന്നതിൽ യാതൊരു തടസ്സവുമില്ലെന്ന് ഉറപ്പാക്കുന്ന കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടുതൽ ജാഗ്രത പാലിക്കേണ്ടതാണ്.

## 3-2(6) പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് 300 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 1,31,250/- രൂപ പ്രകാരം തൻവർഷം 15,75,000/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലുമുള്ള പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച യാതൊരുവിധ കണക്കും പഞ്ചായത്തിന്റെ കൈവശമില്ല. നിലവിൽ പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ പൊതുടാപ്പുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം, വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുക മുതലായവ

ഉൾപ്പെടുത്തി വെള്ളക്കരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇതുമൂലം പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണോ വെള്ളക്കരം ഒടുക്കുന്നതെന്ന് വ്യക്തമല്ല. സംയുക്ത പരിശോധന നടത്തുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് 15.12.2017ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്യുകയും 12.3.2018ലെ പഞ്ചാത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം വാട്ടർ അതോറിറ്റിയോട് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച തുടർനടപടി വാട്ടർ അതോറിറ്റി ഇതുവരെ സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന എത്രയുംവേഗം പൂർത്തിയാക്കി വാർഡ് തലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കേണ്ടതും അവയ്ക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നതിനും വാർഡ് തിരിച്ചുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം കണക്കാക്കി അതിനനുസൃതമായി പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## **3-2(7)** ഓഫീസ് കോമ്പൗണ്ടിൽ ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മാണം **(S094/18)** സ്ഥലത്ത് ഇല്ലാത്തയാളെ കൺവീനറാക്കി.

2015-16 വർഷം നിർമ്മൽ പുരസ്കാര വിഹിതം 311810/- രൂപ ഉപയോഗിച്ച് ഓഫീസ് കോമ്പൗണ്ടിൽ ടോയ്‌ലെറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് എടുത്തത്. എന്നാൽ ഈ വർഷം യാതൊരു നടപടിയും സ്വീകരിച്ചില്ല. തുടർന്ന് 21.07.2016-ൽ ഗുണഭോക്തൃസമിതി ചേരുകയും പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. രാധാകൃഷ്ണ കമ്മത്തിനെ കൺവീനർ ആക്കുകയും 18.11.2016-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയുമുണ്ടായി. എന്നാൽ 21.12.2016 ൽ ശ്രീ. രാധാകൃഷ്ണ കമ്മത്ത് പഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ആയി പോയതിനു ശേഷമാണ് ഇദ്ദേഹം കൺവീനറായുള്ള ഈ വർക്ക് ആരംഭിച്ചതുതന്നെ. അതായത് 11.01.2017-ൽ ആദ്യ മെഷർമെന്റ് എടുക്കുകയും 03.08.2017-ൽ വർക്ക് പൂർത്തിയാക്കുകയും ചെയ്തപ്പോൾ ഇദ്ദേഹം ഈ പഞ്ചായത്തിൽ സേവനത്തിൽ ഇല്ല . ചെയ്ത വർക്കിന്റെ മൂല്യം 254130 രൂപയും 5% VAT, 1% നിർമ്മാണ തൊഴിലാളി വിഹിതവും ഉൾപ്പെടെ 269378 രൂപ ചെക്ക് നമ്പർ 112176/24.10.2017 പ്രകാരം അസി.എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. വർക്കുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്തൃസമിതി ചെയർമാന്റേയും കൺവീനറുടേയും പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങിയതായുള്ള രേഖയും കൺവീനർക്ക് നൽകുവാനുള്ള തുക ഈ അക്കൗണ്ടിൽ നിക്ഷേപിച്ചതുമായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.
2. ഔദ്യോഗികമായി ജോലിത്തിരക്കുള്ള ജൂനിയർ സൂപ്രണ്ടിനെ ഗുണഭോക്തൃസമിതി കൺവീനറാക്കിയ നടപടി ശരിയല്ല.
3. പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന ഒരു നിർമ്മാണത്തിന് പഞ്ചായത്തിലെ പൗരനല്ലാത്ത ഉദ്യോഗസ്ഥൻ കൺവീനറാകുന്നത് ഗുണഭോക്തൃസമിതിയുടെ പ്രവർത്തനത്തിന് നിരക്കുന്നതല്ല. മാത്രമല്ല, ശ്രീ. രാധാകൃഷ്ണ കമ്മത്ത് 25.05.2016 മുതൽ 21.12.2016 വരെയാണ് പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നത്.അതായത് വർക്ക് തുടങ്ങിയ കാലം മുതൽ അവസാനിച്ചതുവരെ ഈ ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ സേവനത്തിലില്ലായിരുന്നു.
4. സ്ഥല പരിശോധനയിൽ നിർമ്മിച്ച ടോയ്‌ലെറ്റുകൾ മുഴുവൻ ഉപയോഗപ്രദമാക്കിയിട്ടില്ലാത്തതായി കാണുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കൺവീനറുടേയും ചെയർമാന്റെയും പേരിലുള്ള പാസ് ബുക്കിന്റെ പകർപ്പ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും കൺവീനർ മറുപടിയൊന്നും നൽകാതിരുന്നതിനാൽ പഞ്ചായത്ത് കമ്മറ്റിയുടെ 28-5-2018 ലെ 1(3) നം.തീരുമാനപ്രകാരം കൺവീനറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നാണ് മറുപടി നൽകിയത്. സ്ഥലത്തില്ലാത്ത ഒരാളെ കൺവീനറാക്കി വർക്ക് നടത്തുകയും അദ്ദേഹത്തിന്റെ പേഴ്സണൽ അക്കൗണ്ടിലേക്ക് തുക നൽകുകയും ചെയ്തത് കൺവീനർ വർക്കിന്റെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല.

## **3-2(8)** കാട്ടിത്തറ തോടിന് കലുങ്ക് നിർമ്മാണം **(S111/18)** അപാകതകൾ.

ഈ വർക്കിനായി 19.02.2017-ൽ ഗുണഭോക്തൃസമിതി യോഗം ചേരുകയും ശ്രീമതി കവിതാമോൾ, കാട്ടിത്തറയെ കൺവീനറായി തെരഞ്ഞെടുക്കുകയുമുണ്ടായി. വർക്ക് പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ബിൽ നം. 40/31.03.2018 പ്രകാരം 75903 രൂപ പിൻവലിച്ചതിൽ 73506/- രൂപ കൺവീനർക്ക് നൽകിയെന്നാണ്

അളവുപുസ്തകത്തിൽ (31/17-18) കാണുന്നത്. വർക്കുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 09.09.2016-ൽ പ്രോജക്ടിന് അംഗീകാരം ലഭിച്ചെങ്കിലും (S152/17) 19.02.2017-ൽ മാത്രമാണ് ഗുണഭോക്തൃസമിതി യോഗം ചേർന്നത്.
2. പ്രോജക്ട് ഷീറ്റിൽ ക്രമ നമ്പർ 42 അധികവിവരങ്ങളിൽ സെക്രട്ടറിയുടെ 07.09.2016-ലെ C2-150/16 -ാം നമ്പർ കത്തിൽ വിശദമായ എസ്റ്റിമേറ്റ് എടുക്കാതെ DPC യിൽ പ്രോജക്ട് വയ്ക്കണമെന്ന് നിർദ്ദേശിച്ചതിനാൽ DPC യിൽ വച്ചു എന്നു കാണുന്നു. ഇത്തരം ഒരു തീരുമാനം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയോ പഞ്ചായത്ത് കമ്മറ്റിയോ എടുത്തതായി കാണുന്നില്ല.
3. പ്രോജക്ട് സ്പിൽ ഓവർ ആക്കുവാനുള്ള കാരണങ്ങൾ പ്രോജക്ട് ഷീറ്റിൽ ചേർത്തിട്ടില്ല.
4. എസ്ററിമേറ്റിൽ ഇനം 8 – 3.5 m നീളത്തിൽ 80cm ഉയരത്തിൽ കൈവരി നിർമ്മിക്കുവാനും ഇനം 9 അനുസരിച്ച് ഇതിന് പ്ലാസ്റ്ററിംഗ് നടത്തുവാനും നിശ്ചയിച്ചിരുന്നു. എന്നാൽ 24.03.2018-ൽ ചേർന്ന ഗുണഭോക്തൃസമിതി യോഗം കലുങ്കിന്റെ വീതി കൂട്ടണമെന്ന ആവശ്യമുള്ളതിനാൽ കൈവരി പിന്നീട് കെട്ടിയാൽ മതി എന്ന് തീരുമാനിക്കുകയും ടി വേല നടത്താതിരിക്കുകയും ചെയ്തു. ഇത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയോ പഞ്ചായത്ത് കമ്മറ്റിയോ ചർച്ച ചെയ്തതായോ അംഗീകരിച്ചതായോ കാണുന്നില്ല. നിർമ്മാണത്തിനുശേഷം കലുങ്കിനു വീതി കൂട്ടുന്നത് പ്രായോഗികമല്ല എന്നിരിക്കേ ഗുണഭോക്തൃസമിതി യോഗം ഇത്തരത്തിൽ ഒരു തീരുമാനമെടുത്ത് വർക്ക് പൂർത്തിയാക്കാതിരുന്നതിന് ന്യായീകരണമില്ല. ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല.

## 3-2(9) പ്രോജക്ട് നടത്തിപ്പിൽ കാലതാമസം വരുന്നു.

അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുകയും സ്ഥലം കൈമാറുകയും ചെയ്തതിനുശേഷം പ്രവൃത്തി നടപ്പാക്കുന്നകാര്യത്തിൽ സമിതി കാലതാമസം വരുന്നതായികാണുന്നു.

1. 6-ാം വാർഡിൽ കത്രേഴത്ത് കോളനി കാനയ്ക്ക് സ്ലാബ് ഇടൽ എന്ന പ്രോജക്ടിന് 2015-16 വർഷം അംഗീകാരം നൽകുകയും 19.09.2015-ൽ ഗുണഭോക്തൃസമിതി കൺവീനറെ തെരഞ്ഞെടുത്തതുമാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 2017-18 വർഷം ആണ്.
2. പോലീസ് സ്റ്റേഷൻ മാർക്കറ്റ് റോഡ് മണലിൽ ഭാഗം മുതൽ VAG വരെ റോഡ് നിർമ്മാണവും കേളംകുളങ്ങര കൊല്ലേത്ത് കാവ് റോഡ് നിർമ്മാണവും എന്ന പ്രോജക്ടിന് 2016-17 വർഷം അംഗീകാരം ലഭിക്കുകയും 08.02.2017-ൽ ഗുണഭോക്തൃസമിതി യോഗം ചേർന്നതുമാണ്. എന്നാൽ 2017-18 വർഷത്തിലാണ് വർക്ക് ഭാഗികമായി പൂർത്തിയാക്കാൻ സാധിച്ചത്.
3. കോടംതുരുത്ത് എൽ.പി.എസ് മേൽക്കൂര മെയിന്റനൻസ് എന്ന പ്രോജക്ടിന് 2016-17 വർഷം അംഗീകാരം നൽകുകയും 02.03.2017-ൽ ഗുണഭോക്തൃസമിതി കൂടി കൺവീനറെ തെരഞ്ഞെടുത്തതുമാണ്. എന്നാൽ 2017-18 വർഷം ആണ് വർക്ക് പൂർത്തിയാക്കാൻ സാധിച്ചത്.

അതുപോലെ 2017-18 വർഷം 88 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയെങ്കിലും 37 എണ്ണം മാത്രമാണ് നടപ്പാക്കിയത്. നടപ്പാക്കാത്ത പ്രോജക്ടുകളിൽ 15 എണ്ണം മുൻവർഷങ്ങളിൽ ആരംഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളാണ്.

ഇതുസംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കൺവീനർമാർ പ്രവൃത്തി പൂർത്തിയാക്കുവാൻ തയ്യാറാകാത്തതിനാലാണ് വർക്ക് നടപ്പാക്കാൻ പറ്റാതിരിക്കുന്നത് എന്നാണ് എ.ഇ. മറുപടി നൽകിയിട്ടുള്ളത്. അംഗീകാരം ലഭിച്ചിട്ടുള്ള വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2(10) ടാർവാങ്ങി നൽകിയതു സംബന്ധിച്ച്

വിവിധ വർക്കുകൾക്ക് ആവശ്യമുള്ള ടാറിന്റെ അളവ് കണക്കാക്കി ഇതിനാവശ്യമുള്ള തുകയായ 204834/- രൂപ അസിസ്റ്റന്റ് എഞ്ചിനിയർ ട്രഷറിയിൽ നിന്നും പിൻവലിച്ച് 31-3-2017ൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഇതിൽനിന്നും ടാർ വാങ്ങുന്നതിനായി വൌച്ചർ നം. 48/29-4-2017 പ്രകാരം 180384/- രൂപ H.P.C.L നും, വൌച്ചർ നം. 49/29-4-2017 പ്രകാരം 54348/- രൂപ Hindustan Colas Pvt. Ltd കമ്പനിക്കും സെക്രട്ടറി

നൽകുകയുണ്ടായി. ഇതോടൊപ്പം മറ്റ് ചെലവുകൾ ഉൾപ്പെടെ ആകെ 248138/- രൂപ ചെലവ് വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 14-3-17 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 692/17-ാം നമ്പർ ഉത്തരവ് പ്രകാരം ടാറിന്റെ അധിക വില നൽകുന്നതിനായി തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. എന്നാൽ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.
2. ഭൗതിക പരിശോധനയിൽ ടാർ മിച്ചമുള്ളതായി കാണുന്നു. എന്നാൽ മിച്ചമുള്ള ടാർ നാളിതുവരെ ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.
3. ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

ഏതെല്ലാം വർക്കുകൾക്കു വേണ്ടിയാണ് ടാർ വാങ്ങിയിട്ടുള്ളത് ആ വർക്കുകളെല്ലാം എത്രയും പെട്ടന്ന് പൂർത്തീകരിച്ച് ടാറിന്റെ വിനിയോഗം കൃത്യമായ രീതിയിൽ അളവ് പുസ്തകത്തിലും സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.

## 3-2(11) <u>ഗ്രാമപഞ്ചായത്തിൽ നെൽകൃഷി അവഗണിക്കപ്പെടുന്നു.</u>

വികസനരേഖയിലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 13 പാടശേഖരസമിതികൾ ഉണ്ട്. ഈ പാടശേഖരങ്ങളിൽ ആറെണ്ണത്തിൽ മാത്രമാണ് കൃഷി ചെയ്യുന്നത്. ഇത് വെറും പേരിന് മാത്രമാണ്. മറ്റ് 7 പാടശേഖരങ്ങളിൽ നെൽകൃഷി ചെയ്യുന്നില്ല. 2017-18 വർഷം 6 പാടശേഖരസമിതികൾ നെൽ വിത്തുകൾ കൈപ്പറ്റിയെങ്കിലും ഒരു പാടശേഖരത്തിൽ മാത്രമാണ് കൊയ്ത്ത് നടന്നിട്ടുള്ളത്. നെൽവയലുകളുടെ അശാസ്ത്രീയമായ ഉപയോഗം മൂലം നെൽകൃഷി നാൾക്കുനാൾ ക്ഷയിച്ചുവരുന്ന കാഴ്ചയാണ് ഇവിടെയുള്ളത്. പഞ്ചായത്തിലെ പാടശേഖരങ്ങളിൽ ഒരു നെല്ലും മീനും പദ്ധതിയാണ് നടപ്പാക്കിവരുന്നത്. പഞ്ചായത്തിന് പുറത്തുള്ളവരാണ് സാധാരണയായി ലേലം പിടിച്ച് പദ്ധതി നടപ്പാക്കുന്നത്. വിരിപ്പ് സീസണിൽ നെല്ലും പാടശേഖരങ്ങളുടെ ചിറകളിൽ പച്ചക്കറിയും കൃഷിചെയ്യുകയുമാണ് പതിവ്. തുടർന്ന് മത്സ്യകൃഷിയും നടത്തിവരുന്നു. എന്നാൽ പച്ചക്കറികൃഷിയോ,വിരിപ്പ് കൃഷിയോ കാര്യക്ഷമമായി നടക്കുന്നില്ല. ലേലം കൊള്ളുന്നവർ വിത്ത് വിതച്ച് കൊയ്ത് നെൽ കൃഷി പരിപോഷിപ്പിക്കാൻ താല്പര്യം കാണിക്കുന്നില്ല എന്ന് പാടശേഖരങ്ങളുടെ നിലവിലെ അവസ്ഥയിൽ നിന്നും മനസിലാക്കാവുന്നതാണ്. നെൽകൃഷി സമയത്ത് വെള്ളം വറ്റിച്ച് നെൽ കൃഷി നടത്തുന്നതാണെന്നും ലേലം കൊള്ളുന്ന ആൾ കരാർ വെയ്ക്കുമെങ്കിലും ഇത് കടലാസിൽ മാത്രമാണ് ഒതുങ്ങുന്നത്. കർശന നിർദ്ദേശങ്ങളും കർശന നടപടികളും സ്വീകരിക്കുകയാണെങ്കിൽ നെല്ലും മീനും പദ്ധതി ഒരുപോലെ സുഗമമായി നടപ്പാക്കാവുന്നതാണ്. പാടശേഖരങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ പെട്ടിയും പറയും, വൈദ്യുതി, മോട്ടോർ, ബലപ്പെടുത്തിയ ബണ്ടുകൾ എന്നിവ പാടശേഖരങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. അധികമായ കൂലിച്ചെലവ് കൃഷിചെയ്യുന്നതിൽ നിന്നും കരാറുകാരെ പിൻവലിപ്പിക്കുന്ന ഒരു കാരണമാകാം. അതിനായി തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം ഈ കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. സ്റ്റാൻഡിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും നിർവ്വഹണോദ്യോഗസ്ഥന്റേയും പൂർണ്ണമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-2(12) <u>മൃഗാശുപത്രി കെട്ടിട നിർമ്മാണം - തീരുമാനങ്ങൾ നടപ്പാക്കപ്പെടുന്നില്ല</u>

ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമായ മൃഗാശുപത്രി വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രതിമാസം 3340/- രൂപ വാടകയിനത്തിൽ ചെലവഴിക്കുന്നുണ്ട്. 03.08.2017 ലെ മൃഗസംരക്ഷണ വർക്കിംഗ് ഗ്രൂപ്പിന്റെ മീറ്റിംഗിൽ മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിക്കണമെന്ന തീരുമാനം എടുത്തെങ്കിലും പ്രാവ്വത്തികമാക്കിയിട്ടില്ല. വികസനരേഖ പ്രകാരം മൃഗപരിപാലനം തൊഴിലായി സ്വീകരിച്ചവർ ഏറെയാണ്. കറവപശു, മുട്ടക്കോഴി, ആട്, എന്നിവയിൽ നിന്നുള്ള വരുമാനം മാത്രമുള്ളവരും ഏറെയുണ്ട്. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ പഞ്ചായത്ത് ഏറ്റെടുത്ത് നടത്താറുണ്ട്. മൃഗപരിപാലത്തിന് അത്രയേറെ പ്രമുഖ്യം ഉള്ളത് കൊണ്ട് മൃഗാശുപത്രിയുടെ നിർമ്മാണവും വളരെയേറെ ഗൌരവമായി എടുക്കേണ്ടതാണ്. പഞ്ചായത്തിന് സ്വന്തമായി സ്ഥലം ഉള്ളപ്പോൾ മൃഗാശുപത്രി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സാമ്പത്തികനഷ്ടത്തിന് ഇടയാകുന്നു. മൃഗാശുപത്രി നിർമ്മാണം ചർച്ചയിൽ മാത്രം ഒതുങ്ങാതെ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ വികസനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

## 3-2(13) സർക്കാർ നിർദ്ദേശിച്ച സ്ഥാപനങ്ങളിൽ നിന്നും കാലിതീറ്റ വാങ്ങിയില്ല

പ്രോജക്റ്റ് നം. - S0133/18

ബിൽ നം. - 05 /17-18 / 12.01.18 , 60,600

08/17-18 / 18..01.18 , 61610 /-

11/17-18 / 27..02.18 , 61610 /-

16/17-18 / 27..03.18 , 61610 /-

എഴുപുന്ന തെക്ക് ക്ഷീരസംഘം, കോടംതുരുത്ത് ക്ഷീരസംഘം എന്നീ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്നതിനായി 50 കിലോഗ്രാം തൂക്കമുള്ള കാലിത്തീറ്റ ബാഗുകൾ ചുവടെ ചേർക്കും പ്രകാരം വാങ്ങിയിട്ടുണ്ട്.

| എണ്ണം | നിരക്ക് | തുക | ബിൽ നം. / തിയതി |
|---|---|---|---|
| 60 | 1010 | 60,600/- | 6512 / 28.11.17 |
| 60 | 1010 | 60,600/- | 6513 / 28.11.17 |
| 62 | 1010 | 62,620/- | 6610 / 03.01.18 |
| 60 | 1010 | 60,600/- | 6609 / 03.01.18 |
| 62 | 1010 | 62,620/- | 6643 / 19.02.18 |
| 60 | 1010 | 60,600/- | 6642/ 19.02.18 |
| 62 | 1010 | 62,600/- | 6664 / 13.03.18 |
| 60 | 1010 | 62,600/- | 6663 / 13.03.18 |

സ.ഉ (എം.എസ്) നമ്പർ 80/2017/തസ്വഭവ, തീയതി : 03.04 2017 പ്രകാരം കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്. എന്നാൽ മേൽ പദ്ധതിക്കായി കാലിതീറ്റ നാരായണൻ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രാദേശികമായി പ്രവർത്തിക്കുന്ന ക്യാറ്റിൽ ഫീഡ് സപ്ലയറിൽ നിന്നും കാലിതീറ്റ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 1) ഹാജരാക്കിയ മറുപടിയിൽ സർക്കാർ നിർദ്ദേശിച്ച സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് കാലിതീറ്റ വാങ്ങുന്നതിന് മുഴുവൻ തുകയും മുൻകൂറായി അടയ്ക്കണമെന്നും എന്നാൽ സൊസൈറ്റി ബോർഡിന് അതിനുള്ള സാമ്പത്തികശേഷി ഇല്ലാത്തതിനാലുമാണ് അടുത്തുള്ള കേരളാഫീഡ്സിന്റെ ഡീലറിൽ നിന്നും കാലിതീറ്റ വാങ്ങിയതെന്ന് അറിയിച്ചത്. പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവുകൾ ഇറക്കാറുണ്ട്. ഈ ഉത്തരവുകൾ അനുസരിച്ചായിരിക്കണം പദ്ധതികൾ എല്ലാം നടപ്പാക്കേണ്ടത്. തുടർന്ന് വരുന്ന വർഷങ്ങളിൽ കാലിതീറ്റ വിതരണം പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ച സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-2(14) മത്സ്യബന്ധന മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ മത്സ്യബന്ധന മേഖലയിൽ 2017-18 വർഷം പ്രോജക്ടുകളൊന്നും നടപ്പാക്കിയില്ല. മത്സ്യബന്ധന മേഖലയിലുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ 20.03.2017- ലെ യോഗത്തിൽ കർഷകരുടെ ഉടമസ്ഥതയിലുള്ള കുളങ്ങളും തോടുകളും വൃത്തിയാക്കി മത്സ്യകൃഷി ചെയ്യുക, കരിമീൻ കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, അലങ്കാര മത്സ്യങ്ങളുടെ ഉല്പാദനത്തിനും വിതരണത്തിനും ഉതകുന്ന പദ്ധതികൾ രൂപീകരിക്കുക, മത്സ്യതൊഴിലാളികൾക്ക് മത്സ്യം വില്പനയ്ക്കായി ഇരുചക്ര വാഹനങ്ങളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുക മുതലായ തീരുമാനങ്ങളെടുത്തിട്ടുണ്ടെങ്കിലും ഈ മേഖലയിൽ 2017-18 വർഷം പ്രോജക്ടുകളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. മത്സ്യബന്ധനമേഖലയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയോ വികസന ലക്ഷ്യങ്ങൾ ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ല. കുറഞ്ഞത് 25 മത്സ്യത്തൊഴിലാളികളെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിൽ ഗ്രാമസഭയ്ക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ചു ചേർക്കേണ്ടതാണ്. മത്സ്യസഭ യോഗം ചേർന്നിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ഓരോ വാർഡിലുമുള്ള മത്സ്യതൊഴിലാളികളുടെ വിവരം, മത്സ്യസഭ ചേർന്നതിന്റെ വിവരം, മത്സ്യബന്ധന മേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുക്കാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയങ്ങളിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-3(1) വനിതാവികസനവും സാമൂഹ്യനീതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അപര്യാപ്തം.

13-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട വികസന രേഖ 2017-2022 പ്രകാരം പഞ്ചായത്ത് പരിധിയിൽ മാനസിക വൈകല്യം ബാധിച്ച 63 ആളുകളും ശാരീരിക വൈകല്യം ബാധിച്ച 256 ആളുകളും ഉണ്ട്. എന്നാൽ നാളിതുവരെ ഇവർക്ക് വിതരണം ചെയ്തിട്ടുള്ള ഉപകരണങ്ങൾ 3 മോട്ടോർ ട്രൈസൈക്കിളുകൾ മാത്രമാണ്. അത് ബ്ലോക്ക് പഞ്ചായത്തിൽനിന്നും അനുവദിച്ചിട്ടുള്ളതാണ്. അതുപോലെ 70-79 വയസ്സിനിടയിൽ പ്രായമുള്ള 1248 വൃദ്ധരും 80 വയസ്സിനുമുകളിൽ പ്രായമുള്ള 412 വൃദ്ധരും ഉണ്ട്. എന്നാൽ ഇവരുടെ ക്ഷേമത്തിനായി പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായും വൃദ്ധജനങ്ങൾക്കായും പ്രോജക്റ്റ് നിർദ്ദേശങ്ങൾ ICDS സൂപ്പർവൈസർ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വച്ചിട്ടില്ല.

അംഗൻവാടികളുടെ നവീകരണത്തിനായി യാതൊരു നിർദ്ദേശവും ICDS സൂപ്പർവൈസർ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വച്ചിട്ടില്ല. നാളിതുവരെ അംഗൻവാടികൾക്ക് കളി ഉപകരണങ്ങളൊന്നും തന്നെ വിതരണം ചെയ്തിട്ടില്ല എന്നാണ് വികസന രേഖയിൽ കാണുന്നത്. അതുപോലെ 2016-17വരെ അംഗൻവാടികൾക്ക് വിതരണം ചെയ്തിട്ടുള്ള ആസ്തികളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. 2016-17വരെയുള്ള രേഖകൾ കാണിക്കുന്ന രജിസ്റ്ററിൽ 19 അംഗൻവാടികൾക്ക് വെയിംഗ് സ്കെയിൽ വിതരണം ചെയ്തിട്ടുള്ള വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. മറ്റ് ആസ്തികൾ വിതരണം ചെയ്തിട്ടുള്ളതായുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ കൃത്യമായ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ആകെ 23 അംഗൻവാടികൾ ഉള്ളതിൽ 15 എണ്ണം മാത്രമാണ് സ്വന്തമായ സ്ഥലത്ത് ഉള്ളത്. 12 എണ്ണത്തിന് വൈദ്യുതി ലഭ്യമല്ല. 20 എണ്ണത്തിന് ചുറ്റുമതിൽ ഇല്ല. മാത്രമല്ല 2017-18 വർഷം ഒരു അംഗൻവാടിക്കു പോലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ, കൗമാരക്കാരായ കുട്ടികൾക്ക് അംഗൻവാടികൾ വഴി കൗൺസിലിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ, വയോജനങ്ങൾക്ക് ഒത്തുചേരുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ വനിതാ ശിശു വികസന വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ശുപാർശ ചെയ്തിരുന്നെങ്കിലും ഇതിനായി പ്രോജക്ടുകൾ ഒന്നും തന്നെ അംഗീകരിച്ചിട്ടില്ല.

അംഗൻവാടികളുടെ നവീകരണം, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൽ, ആവശ്യമായ ഉപകരണങ്ങളും ഫർണീച്ചറുകളും വാങ്ങിക്കുക, വനിതകളുടേയും ശിശുക്കളുടേയും ക്ഷേമപ്രവർത്തനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നിവയ്ക്ക് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

## 3-3(2) ക്ഷേമപെൻഷനുകൾ -സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വ്രഷം ക്ഷേമപെൻഷനുകൾക്ക് ലഭിച്ച അപേക്ഷകളിൽ വാർദ്ധക്യകാലപെൻഷൻ ഒഴികെയുള്ളവ തീർപ്പാക്കിയിട്ടുണ്ട്. 18 വാർദ്ധക്യകാലപെൻഷൻ അപേക്ഷകൾ തൻവർഷം തീർപ്പാക്കിയിട്ടില്ല.

ഓരോ ക്ഷേമപെൻഷനും തീർപ്പ് കൽപ്പിക്കേണ്ടതിന് കൃത്യമായ കാലയളവ് ഉണ്ട്. വാർദ്ധക്യകാലപെൻഷൻ 30 ദിവസത്തിനുള്ളിലാണ് തീർപ്പാക്കി പെൻഷൻ അനുവദിച്ച് നൽകേണ്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ (നം. 9) സർക്കാർ ഉത്തരവ് 241/18 പ്രകാരം അപേക്ഷകൾ പുനരന്വഷണത്തിന് വി.ഇ.ഒ യുടെ പക്കലാണെന്ന് അറിയിച്ചിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥന്റെ കൈവശമുള്ള അപേക്ഷകളിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്. അപേക്ഷകൻ മരണപ്പെട്ട് പോകുന്ന സാഹചര്യത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. 80 വയസ്സ് കഴിഞ്ഞവർക്ക് വ്യത്യസ്ത നിരക്കിലാണ് പെൻഷൻ നല്കിവരുന്നത്, 80 വയസ്സ് കഴിഞ്ഞ അപേക്ഷകരുടെ വിവരങ്ങൾ പ്രത്യേകിച്ചും പ്രായം രജിസ്റ്ററിൽ രേഖപ്പെടുത്തി അതിനനുസരിച്ചാവണം ആനുകൂല്യം അനുവദിക്കേണ്ടത്. പെൻഷൻ വിതരണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ഭാഗത്ത് നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

ക്ഷേമപെൻഷനുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകൾ ലഭിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി, അന്വേഷണറിപ്പോർട്ട് ഹാജരാക്കിയ തീയതി ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും, ഭരണസമിതിയുടെയും തീരുമാനം, പെൻഷൻ ആനുകൂല്യം നൽകിയ തീയതി എന്നിവയെല്ലാം രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-3(3) പി.വി.സി വാട്ടർ ടാങ്ക് വിതരണം - അപാകതകൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പി.വി.സി വാട്ടർ ടാങ്ക് വിതരണം എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ചില അപാകതകൾ കാണുന്നു.

സമാന സ്വഭാവമുള്ള പ്രോജക്ടുകൾക്ക് വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിക്കുകയും 1975/- രൂപ മുതൽ 3000/- രൂപ വരെ വിവിധ വിതരണക്കാർ 500 ലിറ്റർ ടാങ്കിന് വില ക്വാട്ട് ചെയ്യുകയുമുണ്ടായി. എന്നാൽ 18.12.2017 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റി ടി വിതരണക്കാർ കാണിച്ചിട്ടുള്ള വാട്ടർ ടാങ്കുകൾക്ക് ഗുണനിലവാരം പോരയെന്നും ISI മുദ്രയുള്ള ടാങ്കാണ് വേണ്ടത് എന്നും കാണിച്ച് റീ-ടെണ്ടറിന് തീരുമാനമെടുത്തു. റീ ടെണ്ടറിന്റെ അടിസ്ഥാനത്തിൽ ഒരു ടാങ്കിന് 3750/- രൂപ പ്രകാരം 'റെയ്ഡ്കോ'യിൽ നിന്നും 120 വാട്ടർ ടാങ്കുകൾ വാങ്ങുകയുണ്ടായി. എന്നാൽ ആദ്യം ടെണ്ടർ ക്ഷണിച്ചപ്പോൾ തന്നെ ISI മുദ്രയെപ്പറ്റി സൂചിപ്പിക്കാതിരുന്നതിനാലാണ് വീണ്ടും ടെണ്ടർ ക്ഷണിക്കേണ്ടി വന്നത് എന്നത് ടെണ്ടർ നടപടിയിലെ പോരായ്മയാണ്. എന്നാൽ ഇത് സംബന്ധിച്ച തീരുമാനങ്ങളൊന്നും തന്നെ പ്രൊക്യൂവർമെന്റ് കമ്മറ്റി എടുത്തിട്ടില്ല. 06.11.2010-ലെ ജി.ഒ (പി) 259/2010/ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പ്രോജക്ടുകളിൽപ്പെടുത്തി ആകെ 120 പേർക്കാണ് വാട്ടർ ടാങ്ക് നൽകിയിട്ടുള്ളത്. എന്നാൽ 164 പേരിൽനിന്നും ഒരാൾക്ക് 938/- രൂപ പ്രകാരം 153832/- രൂപ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 64 പേർക്ക് വാട്ടർ ടാങ്ക് നൽകിയതിന്റെ വിശദാംശങ്ങളും നൽകിയിട്ടില്ലെങ്കിൽ ഗുണഭോക്തൃവിഹിതം തിരികെ നൽകിയതിന്റെ വിശദാംശങ്ങളും ഹാജരാക്കേണ്ടതാണ്.

## 3-4 ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-4(1) ആരോഗ്യമേഖല - വികസന ലക്ഷ്യം കൈവരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ വല്ലേത്തോട്, കോടംതുരുത്ത് എന്നിവിടങ്ങളിലായി ഓരോ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും NRHM ആയുർവേദ ഡിസ്പെൻസറിയും ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യസ്ഥാപനങ്ങളെ രോഗീസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നവകേരളമിഷനുമായി ബന്ധപ്പെട്ട് ആർദ്രം പദ്ധതിയുമായി സമന്വയിപ്പിച്ചുകൊണ്ടുള്ള ആരോഗ്യ സുരക്ഷ പഞ്ചായത്ത് ലക്ഷ്യമിടുന്നു. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് വലിയ ഒരു പോരായ്മയാണ്. ജീവിതശൈലീരോഗ നിയന്ത്രണം, മലിന്യസംസ്കരണം, പകർച്ചവ്യാധി നിയന്ത്രണം, പാലിയേറ്റീവ് കെയർ, വിദ്യാലയ ആരോഗ്യപരിപാടി, ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്നുവാങ്ങൽ, കൗമാരക്കാർ, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്കുള്ള പോഷകാഹാരം, ക്ഷയരോഗികൾക്കുള്ള പോഷകാഹാരം, ആശുപത്രികൾ,

സബ്സെന്ററുകൾ എന്നിവയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുക എന്നിവയാണ് 13-ാം പഞ്ചവത്സരപദ്ധതി കാലയളവിലെ വികസന ലക്ഷ്യങ്ങൾ. ഇവയിൽ വിദ്യാലയ ആരോഗ്യപരിപാടി, കൗമാരക്കാർ, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്കുള്ള പോഷകാഹാരം, ക്ഷയരോഗികൾക്കുള്ള പോഷകാഹാരം, ആശുപത്രികൾ, സബ്സെന്ററുകൾ എന്നിവയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുക എന്നിവ ഒഴികെ നടപ്പാക്കിയിട്ടുണ്ട്. ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും ഒന്നും തന്നെ നടപ്പാക്കിയില്ല.

1. പ്രോജക്ട് നം. S0077/18 കോടംതുരുത്ത് പി.എച്ച്.സി മെയിന്റനൻസ് (അടങ്കൽ - 750000/-)
2. പ്രോജക്ട് നം. S0118/18 കോടംതുരുത്ത് വല്ലേത്തോട് പി.എച്ച്.സികൾ മെയിന്റനൻസ് (അടങ്കൽ- 467750/-)
3. പ്രോജക്ട് നം. S0209/18 വല്ലേത്തോട് പി.എച്ച്.സി കോമ്പൗണ്ടിൽ സാനിട്ടറി കോംപ്ലക്സ് (അടങ്കൽ- 300000/-)

കോടംതുരുത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് മെഡിക്കൽ ഓഫീസർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 24.04.2017-ലെ തീരുമാനം 2 പ്രകാരമാണ് മെയിന്റനൻസിനുള്ള പ്രോജക്ട് ഏറ്റെടുത്തതെങ്കിലും അടിയന്തര പ്രാധാന്യത്തോടെ ചെയ്യേണ്ട ഈ പ്രവൃത്തി നടപ്പാക്കിയില്ല. ആരോഗ്യം വിദ്യാഭ്യാസം വർക്കിംഗ് ഗ്രൂപ്പ് 22.03.2017-ൽ ഈ മേഖലയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ടുകളെ സംബന്ധിച്ച് വിശദമായ ചർച്ച നടത്തിയിട്ടുണ്ട്. എന്നാൽ ഈ വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷം മറ്റ് യോഗങ്ങളൊന്നും ചേർന്നില്ല എന്നത് പോരായ്മയാണ്. മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകളുടെ നിർവ്വഹണം വിലയിരുത്തപ്പെടുന്നില്ല. മേൽ അപാകതകളിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം തുടർന്നുള്ള വർഷങ്ങളിൽ ആരോഗ്യ മേഖലയിൽ വികസന ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുവാൻ ശുപാർശ ചെയ്യുന്നു.

## 3-4(2) പാലിയേറ്റീവ് പരിചരണം

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റി മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ 11.04.2017, 17.11.2017 തീയതികളിൽ മാത്രമാണ് മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുള്ളതെന്ന് കാണുന്നു. പ്രസ്തുത യോഗങ്ങളിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ പങ്കെടുത്തിട്ടില്ല. മെമ്പർമാരായ മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ (ആയുർവേദം) എന്നിവരും യോഗത്തിൽ പങ്കെടുത്തിട്ടില്ല. യോഗങ്ങളിൽ അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പാലിയേറ്റിവ് പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയോ പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്തിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റിവ് പ്രവർത്തനം വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണെങ്കിലും ഇപ്രകാരം ഭരണസമിതി ചർച്ച നടത്തുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ സജീവവും കാര്യക്ഷമവുമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടേയും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4(3) മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ (പ്രോജക്ട് നം. 44/2017-18) എന്ന പ്രോജക്ടിനായി ബിൽ ക്രമ നം. 3/2017-18, തീയതി. 20.10.2017 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 300000/- രൂപ പിൻവലിച്ച് ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. ഔഷധി 300000/- രൂപയുടെ മരുന്നിന്റെ ഇൻവോയ്സ് നൽകിയിട്ടുണ്ടെങ്കിലും ഇൻവോയ്സിൽ ഉൾപ്പെട്ട താഴെ പറയുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഈ മരുന്നുകൾ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 6490/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ഈ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്. 6490/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | മരുന്നിന്റെ പേര് | എണ്ണം/നിരക്ക് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 90050327/24.01.2018 | Balaswangadhi Thylam 450ml | 10@208 | 2080 |
| 2 | 90055460/25.02.2018 | Yogaraja Choornam 500gm | 15@294 | 4410 |
| | ആകെ | | | 6490 |

## 3-4(4) <u>പി.എച്ച്.സി. ക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭിച്ചിട്ടില്ല</u>

പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ (പ്രോജക്ട് നം. 35/2017-18)എന്ന പ്രോജക്ടിനായി മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും 300000/- രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകി. എന്നാൽ താഴെ പറയും പ്രകാരം 285338/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 5182/11.11.2017 | 66045 |
| 2 | 5173/24.07.2018 | 25144 |
| 3 | 667/13.07.2018 | 583 |
| 4 | 7336/24.08.2018 | 32793 |
| 5 | 5746/30.11.2017 | 59541 |
| 6 | 9313/24.03.2018 | 29727 |
| 7 | 4854/13.07.2018 | 8806 |
| 8 | 5170/24.07.2018 | 614 |
| 9 | 11285/27.10.2018 | 27865 |
| 10 | 7338/24.08.2018 | 23150 |
| 11 | 693/24.07.2018 | 1304 |
| 12 | 5175/24.07.2018 | 9766 |
| | ആകെ | 285338 |

ശേഷിക്കുന്ന മരുന്നുകൾ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 14662/- രൂപയുടെ മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകി. 14662/- രൂപയുടെ മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ എത്രയുംവേഗം

ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

*ചെലവ്:*

ബിൽ ക്രമ നം. 2/10.10.2017, 100000/-

ബിൽ ക്രമ നം. 5/28.10.2017, 100000/-

ബിൽ ക്രമ നം. 12/19.02.2018, 100000/-

## 3-4(5) തുല്യതാപഠനം - രേഖകൾഹാജരാക്കിയില്ല

എച്ച്.എം, യു.പി.എസ് നിർവ്വഹണം നടത്തിയ തുല്യതാപഠനം എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും (ധനകാര്യ കമ്മീഷൻ അവാർഡ്) 42200/- രൂപ 18.01.2018 – ലെ ബിൽ നം. 4/17-18 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി തുല്യതാകോഴ്സിന്റെ 13 പഠിതാക്കൾക്ക് 2250/- രൂപ പ്രകാരം 29250/- രൂപയും പത്താം തരം തുല്യതാ കോഴ്സിന്റെ 7പഠിതാക്കൾക്ക് 1850/- രൂപ പ്രകാരം 12950/- രൂപയും ഉൾപ്പെടെ 42200/- രൂപ സാക്ഷരതാമിഷന് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, പഠിതാക്കൾ കോഴ്സിന് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പഠിതാക്കളുടെ അറ്റൻഡൻസ് മുതലായ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4(6) ഖരമാലിന്യസംസ്കരണം

ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 31.05.2017-ൽ 7(1) തീരുമാനപ്രകാരം പ്ലാസ്റ്റിക് മാലിന്യ പരിപാലനം സംബന്ധിച്ച ബൈലോ അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിൽ ശുചിത്വവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് യാതൊരു പ്രോജക്ടുകളും 2017-18 വർഷം ആവിഷ്കരിക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി 12.01.2017-ൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് ചർച്ച ചെയ്തിട്ടുണ്ട്. 25.08.2017-ൽ ഉറവിടമാലിന്യസംസ്കരണത്തിന് സംവിധാനങ്ങൾ ഏർപ്പെടുത്തുക, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിന് സ്ഥലം കണ്ടെത്തുക, കെട്ടിടം നിർമ്മിക്കുക, വാർഡ് തലത്തിൽ യൂസേഴ്സ് ഫീ വാങ്ങി അജൈവ മാലിന്യം ശേഖരിക്കുവാൻ കുടുംബശ്രീയേയോ മറ്റ് ഏജൻസികളേയോ ഏല്പിക്കുക, ജൈവമാലിന്യ സംസ്കരണത്തിനായി സ്ഥലസൗകര്യമുള്ള വീടുകളിൽ കമ്പോസ്റ്റ് പിറ്റ് സ്ഥാപിക്കുക എന്നീ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും പ്രോജക്ടുകളൊന്നും തന്നെ ആസൂത്രണം ചെയ്തിട്ടില്ല. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 05.06.2017-ലെ യോഗത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ എന്ന പ്രോജക്ടിന് അംഗീകാരം നൽകിയതായി കാണുന്നുണ്ടെങ്കിലും പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പിൽ ഖരമാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം മാലിന്യസംസ്കരണത്തിനായി വികസനഫണ്ടിന്റെ കുറഞ്ഞത് 10% ഫണ്ട് വകയിരുത്തേണ്ടതാണ്. ഓരോ ഭവനങ്ങളിലേയും ജൈവമാലിന്യങ്ങളേയും അജൈവ മാലിന്യങ്ങളേയും വേർതിരിച്ച് ജൈവ മാലിന്യങ്ങളെ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് കമ്പോസ്റ്റ് വളം നിർമ്മിക്കുകയും അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക്കുകൾ റീസൈക്ലിംഗിനായി ഉപയോഗിക്കുകയും ചെയ്ത് മാലിന്യവിമുക്ത ഗ്രാമമാക്കുക എന്ന വികസന രേഖപ്രകാരമുള്ള ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകളൊന്നും 2017-18 വർഷം ഏറ്റെടുത്തിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം മാലിന്യസംസ്കരണത്തിനായി വികസനഫണ്ടിന്റെ കുറഞ്ഞത് 10% ഫണ്ട് വകയിരുത്തേണ്ടതാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം ഫണ്ട് വകയിരുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 263720 | 11280 |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 159922 | പാലിയേറ്റീവ് കെയർ | 70735 | 89187 |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 125000 | പാലിന് സബ്സിഡി | 125000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 263720 | 11280 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2188000 | ലൈഫ് പ്രോജക്ട് | 730000 | 1458000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 341495 | ലൈൻ എക്സ്റ്റൻഷൻ | 0 | 341495 |

## 4-2. നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 33/17-18 | 682990 | 0 | 682990 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗം | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 50/17-18, 41/17-18 | 340000 | 0 | 340000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗം | രാജീവ് ഗാന്ധി സേവാഘർ ഇലക്ട്രിഫിക്കേഷൻ | 1838208/ 25.01.2018 | 130586 | 0 | 130586 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി | സ.ഉ. (സാധാ) നം. 747/10 തസ്വഭവ, തീയതി. 05.03.2010 | 8262500 | 924241 | 924241 | | 0 | |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29025/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 2-3 | 1000 | ശ്രീ. ഉണ്ണികൃഷ്ണ മേനോൻ | 117010100278/09.05.2017 |
| 2015-16 | 3-11 | 3570 | ശ്രീ. റോയ്. കെ. പി | 117010100562/08.06.2017 |
| 2016-17 | 3-14 | 3852 | ശ്രീ. സുഭാഷ്, അസി. എഞ്ചിനീയർ | 117010100603/13.06.2017 |
| 2015-16 | 3-12 | 2429 | ശ്രീ. കെ. വി. കുഞ്ഞുകുഞ്ഞ്, അസി. എഞ്ചിനീയർ | 117010100681/27.06.2017 |
| 2015-16 | 3-13 | 4583 | ശ്രീമതി. രത്നവല്ലി | 117010100682/27.06.2017 |
| 2016-17 | 2-4 | 2250 | ശ്രീ. പ്രമോദ് കുമാർ, അസി.എഞ്ചിനീയർ | 117010100685/27.06.2017 |
| 2016-17 | 3-13 | 578 | ശ്രീ. കെ. വി. കുഞ്ഞുകുഞ്ഞ്, അസി. എഞ്ചിനീയർ | 117010100686/27.06.2017 |
| 2015-16 | 3-10 | 4407 | ശ്രീ. പാസ്കൽ, അസി. എഞ്ചിനീയർ | 117010100688/27.06.2017 |
| 2016-17 | 3-12 | 2250 | ശ്രീമതി. അമ്മിണി, അസി. എഞ്ചിനീയർ | 117010100689/27.06.2017 |
| 2016-17 | 3-15 | 4100 | ശ്രീ. കെ. ബി. സുരേഷ്, അസി. എഞ്ചിനീയർ | 117010101210/27.06.2017 |
| ആകെ | | 29025 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-8. ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59377170 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52943110 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1382695 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(3) | 72183 | വി. ലതികാദേവി, സെക്രട്ടറി |
| 3-2(1) | 224170 | വി. ലതികാദേവി, സെക്രട്ടറി |
| 3-2(3) | 1022990 | വി. ലതികാദേവി, സെക്രട്ടറി |
| 3-4(3) | 6490 | ഡോ. രഞ്ജിത് മോനായി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-4(4) | 14662 | ഡോ. രഞ്ജിത് മോനായി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-4(5) | 42200 | റോസമ്മ. പി. കെ, എച്ച്.എം. |
| ആകെ | 1382695 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വി. ലതികാദേവി, സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ചു | വരദക്ഷിണ,<br>വയലാർ പി.ഒ, ചേർത്തല |
| ഡോ. രഞ്ജിത് മോനായി,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പി.എച്ച്.സി., കോടംതുരുത്ത് | കാർത്തിക ഹൗസ്,<br>ഉറവൂർ പി.ഒ., ചേർത്തല |
| ശ്രീമതി. റോസമ്മ. പി.കെ, എച്ച്.എം. | സർവ്വീസിൽ നിന്നും വിരമിച്ചു | കടവിൽപറമ്പിൽ,<br>ഉറവൂർ പി.ഒ., ചേർത്തല |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/2013/6.05.2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577/2013/12.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5-1577/2013/07.05.2014 |
| 2009-10 | എൽ.എഫ്.ജി.എ5-1577/2013/20.05.2014 |
| 2010-11 | എൽ.എഫ്.എപി.8-821/2012/05.11.12/31.12.12 |
| 2011-12 & 2012-13 | എൽ.എഫ്.എപി.8-192/2014/26.06.14/03.07.14 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.പി11-1620/15/17.12.15/31.12.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-831/16/29.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി12-1252/16 തീ.16.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി12-725/17/20.06.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം - 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(37)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 24.07.2018

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു.

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 2

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ